"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

## സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

### പാലാ രൂപതാ ബുള്ളറ്റിൻ

Vol. LX | JULY 2010 | No. 7

# ഉൾത്താളുകളിൽ...


ഇടയലേഖനം: സഭാദിനം- 429

സർക്കുലർ: യുവജനദിനം - 435

സർക്കുലർ: ഇലക്ഷൻ - 443

ലേഖനം - 448

കച്ചേരിക്കാര്യം - 454

സ്ത്രീശാക്തീകരണസെമിനാർ- 455

Minor Seminary First Years-

457

പൗരോഹിത്യചിന്തകൾ - 458

വാർത്തകൾ - 465

ആദരാഞ്ജലികൾ - 478

Prayer Day - 479

പിതാവിന്റെ ഡയറിയിൽ നിന്ന്- 480

Bishop's Engagements - 482

ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ<br>
**കർദ്ദിനാൾ വർക്കി വിതയത്തിൽ**<br>
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും<br>
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും<br>
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന<br>
എല്ലാ ദൈവജനത്തിനും എഴുതുന്നത്.<br>
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുന്നാൾ ആശംസകൾ എല്ലാവർക്കും നേരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസധീരത ഏതു പ്രതിസന്ധിയുടെ മധ്യത്തിലും നാം കാത്തുപരിപാലിക്കണമെന്ന് ദുക്റാനത്തിരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഓർമ്മിക്കുന്ന വ്യക്തിയെ അനുകരിക്കാനാവണം. തോമ്മാശ്ലീഹായോടുള്ള ഭക്തി വിശുദ്ധനെ അനുകരിക്കുന്നതിലേയ്ക്ക് നയിക്കണം.

ദൈവിക പുണ്യങ്ങളുടെ കേദാരമാണ് തോമ്മാശ്ലീഹായെന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് സന്ദർഭങ്ങളിലാണ് മാർത്തോമ്മാശ്ലീഹായെ നാം കണ്ടുമുട്ടുന്നത്. ഓരോ സന്ദർഭത്തിലും ഓരോ ദൈവികപുണ്യത്തിന്റെ പരമകോടി വി. തോമസിൽ നാം ദർശിക്കുന്നു. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' (യോഹ 11:16) എന്നു പറയുന്ന തോമ്മാശ്ലീഹായിൽ മിശിഹായോടുള്ള തികഞ്ഞ സ്നേഹം നമുക്കു ദർശിക്കാം. വഴിയും സത്യവും ജീവനുമായ മിശിഹായിൽ (യോഹ. 14:6) തന്നെത്തന്നെ സമർപ്പിക്കാനുള്ള തീരുമാനം മിശിഹായിലുള്ള ശരണത്തിന്റെ പ്രതിഫലനമാണ്. അവസാനം, ഉത്ഥി

തനെ കണ്ടുമുട്ടുമ്പോൾ 'എന്റെ കർത്താവേ എന്റെ ദൈവമേ' (യോഹ 20:28) എന്നു വിളിച്ചുകൊണ്ട് വിശ്വാസത്തിന്റെ ഉദാത്ത ഭാവം ആവിഷ്ക്കരിക്കാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. 'സംശയിക്കുന്ന തോമാ' എന്നു മുദ്രകുത്തുന്നതിനേക്കാൾ, ഉറച്ച വിശ്വാസപ്രഖ്യാപനം നടത്തിയ വ്യക്തിയെന്നു വേണം ശ്ലീഹായെ കരുതാൻ.

യഥാർത്ഥപ്രേഷിതചൈതന്യം എന്തെന്നു തോമ്മാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ ഉറവിടം തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമാണ്. വി. കുർബ്ബാനയിൽ ഒന്നാം ഗ്ഹന്താപ്രാർത്ഥനയിൽ 'അങ്ങുനല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ചവിശ്വാസത്തോടുംകൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന' കാർമ്മികന്റെ പ്രാർത്ഥന മാർ തോമ്മാശ്ലീഹായുടെ വിശ്വാസചൈതന്യം ഏറ്റുവാങ്ങാൻ നമ്മെ വെല്ലുവിളിക്കുകയാണ്.

ദൈവസ്നേഹത്തിൽനിന്നുളവാകുന്ന പരസ്നേഹം പ്രേഷിത ചൈതന്യത്തിൽ അന്തർലീനമാണ്. 'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ല'(1 യോഹ. 4:20) എന്ന വി. യോഹന്നാന്റെ വാക്കുകൾ പരോന്മുഖതയിലേക്ക് നയിക്കണം. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം' (യോഹ.13:35) എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിച്ചത്. നമുക്കു ലഭിച്ച രക്ഷയുടെ സന്ദേശം സഹോദരങ്ങളുമായി പങ്കുവെയ്ക്കാനുള്ള തീക്ഷ്ണത പരസ്നേഹത്തിലാണ് പൂർണ്ണമാകുന്നത്. സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവിടെ പ്രസക്തമാകുന്നു.

തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവും കൈമുതലായി ഉള്ളതുകൊണ്ടാണ് തോമ്മാശ്ലീഹായ്ക്ക് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികളെ സധൈര്യം നേരിടാനും മിശിഹായ്ക്കുവേണ്ടി

രക്തസാക്ഷിത്വം വഹിക്കാനും കഴിഞ്ഞത്. തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമുണ്ടെങ്കിലേ ഇന്നും യഥാർത്ഥപ്രേഷിതപ്ര വർത്തനം സാധ്യമാകൂ, പുതിയ വെല്ലുവിളികൾക്കെതിരെ നില യുറപ്പിക്കാനാവൂ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മത സഹിഷ്ണുതയെ മതനിഷേധമായി തെറ്റിദ്ധരിപ്പിക്കുന്ന, ഭൗതി കതയുടെ വേലിയേറ്റത്തിൽ ആദ്ധ്യാത്മികതയെ അവഗണിക്കു കയോ നിഷേധിക്കുകയോ ചെയ്യുന്ന, ഈശ്വരചിന്ത കാലഹരണ പ്പെട്ടെന്ന്അവഹേളിക്കുന്ന കാലമാണിത്. സത്യത്തെ അതിന്റെ പൂർണ്ണതയിൽ ആവിഷ്കരിക്കാനാവാത്ത മാധ്യമങ്ങളും നിരീശ്വര രാഷ്ട്രീയസിദ്ധാന്തങ്ങളും ക്രൈസ്തവപ്രബോധനത്തിനെതിരെ ആഞ്ഞടിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസജീവിതം നയി ക്കുക കൂടുതൽ ശ്രമകരമാണ്. ഭരണഘടനയുടെ തത്വങ്ങ ളിൽനിന്നും അണുവിട വ്യതിചലിക്കാതെ ന്യായമായ അവകാശ ങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ക്രൈസ്തവന്യൂനപക്ഷങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്ന ഈ സാഹചര്യത്തിൽ വിശ്വാ സജീവിതം വെല്ലുവിളികളിൽനിന്നും ഒട്ടും വിമുക്തമല്ല.

സഭ നേരിടുന്ന വെല്ലുവിളികൾ ബാഹ്യതലത്തിൽ മാത്രം ഒതു ങ്ങിനില്ക്കുന്നില്ല. ആത്മീയതയെ കാർന്നുതിന്നുന്ന ഭൗതികത യുടെ അതിപ്രസരത്തിൽ സഭാതനയരും അകപ്പെട്ടുപോകുന്നു വെന്നുള്ളത് ദു:ഖകരമായസത്യമാണ്. ധാർമ്മികരംഗത്തും വൈദ്യ ശാസ്ത്രരംഗത്തും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ തള്ളിപറയുന്നവരും മിശിഹാ സർവ്വലോകത്തിന്റെയും രക്ഷക നാണെന്ന സഭയുടെ പരമ്പരാഗത പ്രബോധനത്തിൽ വെള്ളം ചേർക്കുന്നവരും കൂടിവരുന്നു. മാർതോമ്മാശ്ലീഹാ കൊളുത്തിയ വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിക്കുന്നതിനുപകരം ഊതിക്കെടുത്തി, പെന്തക്കോസ്തു സെക്റ്റുകളിലേക്ക് പോകു ന്നത് വിശ്വാസം കൈമാറിത്തന്ന പൂർവ്വീകരോടു കാണിക്കുന്ന വഞ്ചനയാണ്.

ദൈവജനത്തെ നയിക്കുന്ന വൈദികർ വിശ്വാസതീഷ്ണത

സ്വന്തമാക്കാൻവേണ്ടിയാണ് വൈദികവർഷം മാർപാപ്പാ പ്രഖ്യാപിച്ചത്. സഭയിലാണ് ഒരുവൻ പുരോഹിതനാകുന്നതെന്നും സഭയിൽനിന്നുംമാറി പൗരോഹിത്യത്തിനർത്ഥമില്ലെന്നും ബഹുമാനപ്പെട്ട വൈദികർ മനസ്സിലാക്കട്ടെ. കഴിഞ്ഞുപോയ പുരോഹിതവർഷം വൈദികരെ സംബന്ധിച്ചിടത്തോളം ആത്മശോധനയുടെ വർഷമായിരുന്നു. വിയാനിപ്പുണ്യവാന്റെ ഓർമ്മകൾപേറുന്ന പുരോഹിതവർഷം മിശിഹായുടെ ഹൃദയത്തിനനുരൂപരായ വൈദികർക്ക് ജന്മംകൊടുക്കുക ലക്ഷ്യംവച്ചിരുന്നു. ക്രിസ്തുവിന്റെ ഹൃദയം മനുഷ്യരോടുള്ള സ്നേഹത്താൽ പിളർക്കപ്പെട്ട ഹൃദയമാണ്. ഈ സ്നേഹത്തിലാണ് മിശിഹായുടെ പൗരോഹിത്യത്തിന്റെ വിശ്വസ്തത അടങ്ങിയിരിക്കുന്നത്. സ്നേഹത്തിലൂന്നിയ ഈ വിശ്വസ്തതയെപ്പറ്റിത്തന്നെയാണ് 'മിശിഹായുടെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തത' എന്ന ആപ്തവാക്യം സൂചിപ്പിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കാൻ എന്റെ സഹോദരവൈദികർ പരിശ്രമിക്കുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. സഭയെ ശക്തിപ്പെടുത്താൻ വൈദിക-സന്യസ്ത ജീവിതത്തിലേക്ക് ധാരാളം ദൈവവിളിയുണ്ടാകുവാൻ ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കുകയും നമ്മുടെ ഓരോരുത്തരുടേയും ജീവിതസാഹചര്യങ്ങളിൽ ദൈവവിളിയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യാം.

ദുക്റാനതിരുനാൾ അനുസ്മരിക്കുമ്പോൾ സീറോമലബാർ സഭയ്ക്കു ദൈവം പ്രത്യേകമായി നൽകുന്ന വലിയ അനുഗ്രഹങ്ങളെപ്പറ്റി സൂചിപ്പിക്കാതിരിക്കാൻ സാധിക്കുകയില്ല. ഈ വർഷം ആറു മെത്രാന്മാരെയാണ് സീറോമലബാർ സഭയ്ക്ക് പുതുതായി ദൈവം നൽകിയിരിക്കുന്നത്. കൂരിയമെത്രാനായി നിയമിതനായിരിക്കുന്ന മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ഇരിഞ്ഞാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, മാണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ട്, രാമനാഥപുരം രൂപ

തയുടെ മെത്രാൻ മാർ പോൾ ആലപ്പാട്ട്, തൃശ്ശൂർ അതിരൂപത യുടെ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ. മാണ്ഡ്യ, രാമനാഥപുരം എന്നീ രണ്ടു രൂപതകളും പുതുതായി ഉദയം ചെയ്തു. ദൈവം നിയോഗിച്ച പുതിയ ഇടയന്മാർക്ക് സീറോമലബാർ സഭയിലെ എല്ലാ മക്കളുടെയും പേരിലുള്ള പ്രാർത്ഥനാശംസകൾ നേരുന്നു. കൂട്ടായ്മയും ഐക്യവും നിലനിർത്തി സഭയെ പടുത്തുയർത്താൻ ദൈവം ഇവരെ അനുഗ്രഹിക്കട്ടെ. ദീർഘകാലത്തെ സഭാശുശ്രൂഷയ്ക്കുശേഷം ഔദ്യോഗികജീവിതത്തിൽ നിന്നു വിരമിച്ച ഇരിഞ്ഞാലക്കുട രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ജെയിംസ് പഴയാറ്റിലിനെയും താമരശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളിയെയും നന്ദിയോടെ ഓർക്കുന്നു.

സീറോമലബാർ സഭാദിനമായാണല്ലോ ദുക്റാനതിരുനാൾ നാം ആചരിക്കുന്നത്. സഭാദിനത്തിൽ നമ്മുടെ സഭയുടെ അധികാര പരിധിക്കു പുറത്തുവസിക്കുന്ന സീറോമലബാർ സഭയിലെ എല്ലാ മക്കളേയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ സഭയുടെ തനതായ പാരമ്പര്യവും ആരാധനക്രമവും അനുസരിച്ചുള്ള അജപാലന സൗകര്യം ഏർപ്പെടുത്തുന്നതിനും ഭാരതമെമ്പാടും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുമുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും അതിനുവേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള അജപാലന പ്രവർത്തനത്തിനും പ്രേഷിതപ്രവർത്തനത്തിനുമുള്ള നമ്മുടെ അവകാശം സാധിതമാക്കാനുള്ള പരിശ്രമങ്ങളിൽ നിങ്ങളുടെ പ്രാർത്ഥന കൂടെയുണ്ടാകണമെന്നപേക്ഷിക്കുന്നു. സഭാദിനത്തോടനുബന്ധിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായ സമാഹരണത്തിലും എല്ലാ സീറോ-മലബാർ സഭാംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഓഗസ്റ്റുമാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാന്മാരുടെ സിനഡിനിടയിലാണല്ലോ സീറോമലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി സമ്മേളിക്കുന്നത്. അസംബ്ലിയുടെ മുഖ്യവിഷയം“വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും” എന്നതാണ്. ഇന്നിന്റെ വെല്ലുവിളിയായ മരണസംസ്കാരത്തെ തിരിച്ചറിയാനും അതിനെതിരെ പോരാടാനും സൃഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്കാരത്തെ അതിന്റെ സമഗ്രതയിൽ പ്രോൽസാഹിപ്പിക്കുന്ന ഒരു പ്രതിസംസ്കാരം ആവിഷ്കരിക്കാനുമാണ് അസംബ്ലി ആഗ്രഹിക്കുന്നത്.

‘സഭയെ മാതാവായി അംഗീകരിക്കാത്തവന്, ദൈവത്തെ പിതാവേ എന്നുവിളിക്കാനാവില്ല’ എന്ന സഭാപിതാവായ വി. സിപ്രിയന്റെ വാക്കുകൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ മിശിഹായുടെ മൗതികശരീരമാകുന്ന സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാനുള്ള സൈ്ഥര്യം ഏറ്റുവാങ്ങാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. കേരളത്തിനകത്തും പുറത്തും വിദേശത്തുമായി കഴിയുന്ന എല്ലാ സഭാമക്കൾക്കും ദുക്റാനതിരുന്നാളിന്റെ മംഗളങ്ങൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് പിതാവിന്റെയും+ പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് മെയ് മാസം 29-ാം തിയതി നൽകപ്പെട്ടത്.

വർക്കി കാർഡിനൽ വിതയത്തിൽ
സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

N.B : ഈ ഇടയലേഖനം ജൂൺ 27 -ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വി. കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ജൂലൈ മൂന്നാംതീയതി വിശുദ്ധകുർബാനമധ്യേയുള്ള സ്തോത്രക്കാഴ്ച 31-ാം തീയതിക്കു

# യുവജനദിനം - 2010

*കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ*

"യുവജനങ്ങളേ, ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു.
എന്തെന്നാൽ നിങ്ങൾ ശക്തന്മാരാണ്.
ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ
ജയിക്കുകയും ചെയ്തിരിക്കുന്നു"
(1 യോഹ. 1:14).

വാത്സല്യമുള്ള സഹോദരങ്ങളേ,

നിത്യയുവാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ജൂലൈ 4-നാണ് കേരളസഭ ഈ വർഷം യുവജനദിനമായി ആചരിക്കുന്നത്. "നമുക്കും അവനോടൊപ്പംപോയി രക്തസാക്ഷിത്വം വരിക്കാം" എന്ന് ഉദ്ഘോഷിച്ച ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനുശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിച്ചുവരുന്നത്. വളരെ പ്രതീക്ഷയോടും താൽപര്യത്തോടും സ്നേഹത്തോടുംകൂടെ യുവജനങ്ങളെ നോക്കിക്കാണുന്നതുകൊണ്ട് യുവജനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം തിരുസ്സഭ നല്കുന്നു. ഈ അവസരത്തിൽ ധ്യാനാത്മകമായി പരിചിന്തനം ചെയ്യുവാനും ഫലവത്തായി പ്രവൃത്തിപഥത്തിലെത്തിക്കുവാനുമായി വളരെ പ്രധാനപ്പെട്ട ചില ആശയങ്ങൾ ഞാൻ നിങ്ങളോട് പങ്കുവയ്ക്കുകയാണ്.

ഈ വർഷത്തെ യുവജനദിനാഘോഷവേളയിൽ രണ്ടു പ്രത്യേക കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്ന്, ലോകയുവജനദിനാചരണത്തിന്റെ രജതജൂബിലി വർഷമാണിത്. 1986-ലാണ് ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ലോകയുവജനദിനാചരണത്തിന് തുടക്കംകുറിച്ചത്. ലോകയുവജനദിനം ഓശാനഞായറാഴ്ചയാണ് ആചരിച്ചുവരുന്നത്. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ ഇത് അന്താരാഷ്ട്രതലത്തിൽ വിവിധ പരിപാടികളോടെ സാഘോഷം നടത്തിവ

രുന്നുമുണ്ട്. അന്തർദ്ദേശീയസമ്മേളനങ്ങളിൽ എല്ലായിടത്തും മാർപാപ്പ പങ്കെടുക്കാറുണ്ട്. സ്പെയിനിലെ മാഡ്രിഡിൽവച്ച് 2011 ആഗസ്റ്റ്മാസത്തിലാണ് അടുത്ത ലോകയുവജനദിനസമ്മേളനം നടക്കുന്നത്.

ഇരുപത്തഞ്ചാം ലോകയുവജനദിനത്തോടനുബന്ധിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രത്യേകസന്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇരുപത്തഞ്ചുവർഷങ്ങൾക്കുമുമ്പ് അന്താരാഷ്ട്രയുവജനവർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങൾക്കായി എഴുതിയ അപ്പസ്തോലികലേഖനത്തിലെ അടിസ്ഥാന ചിന്തകളാണ് ഈ വർഷത്തെ സന്ദേശത്തിലും ഉള്ളത്. വി. മർക്കോസിന്റെ സുവിശേഷത്തിലെ "ഗുരോ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം?" എന്ന ചോദ്യത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം അപ്പസ്തോലികലേഖനം തയ്യാറാക്കിയത്. ഇതിന്റെ ചുവടുപിടിച്ച്, യേശുവും യുവജനങ്ങളും തമ്മിലുള്ള ബന്ധം, തിരുസഭയിൽ യുവജനങ്ങൾ വഹിക്കേണ്ട പങ്കാളിത്തം, പ്രാർത്ഥനാജീവിതം തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചശേഷം യുവജനങ്ങളുടെ സാമൂഹികരാഷ്ട്രീയ പ്രേഷിതത്വത്തിന് ശക്തമായ ആഹ്വാനമാണ് ഈ വർഷത്തെ ലോകയുവജന സന്ദേശത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നല്കുന്നത്. ഈ സന്ദേശത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം ശ്രദ്ധിക്കുക: സമഗ്രമായ മാനുഷികവികസനത്തെക്കുറിച്ച് ഞാൻ എഴുതിയ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനത്തിൽ ഈ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അവ ഈ ലോകത്തിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരവും അടിയന്തിര സ്വഭാവമുള്ളതുമാണ്. ഭൗതികവിഭവങ്ങളുടെ ഉപയോഗം, പരിസ്ഥിതിയോടുള്ള ആദരം, വസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണം, സാമ്പത്തിക സംവിധാനങ്ങളുടെ നിയന്ത്രണം, മനുഷ്യകുടുംബത്തിലെ ദരിദ്രരാഷ്ട്രങ്ങളോടുള്ള ഐക്യദാർഢ്യം, ലോകത്തിൽ വിശപ്പിനെതിരെയുള്ള സമരം, മാനുഷിക തൊഴിലിന്റെ മഹത്വം വളർത്തൽ, ജീവസംസ്കാരത്തിനുള്ള സേവനം, ജനങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കൽ, മതാന്തരസംവാദം, സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ ശരിയായ വിനിയോഗം എന്നിവയാണവ. കൂടുതൽ നീതിയും സാഹോദര്യവും നിറഞ്ഞ ലോകം നിർമ്മിക്കുവാൻ നിങ്ങൾ പ്രത്യുത്തരം നല്കേണ്ട വെല്ലുവിളികളാണവ. ത്യാഗനിർഭരവും ആവേശകരവുമായ ജീവിത പദ്ധതി ക്രോഡീകരിക്കുവാനുള്ള വെല്ലുവിളികളാണവ. ആ പദ്ധതി

യിൽ ദൈവം നിങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ള സമ്പന്നത നിങ്ങൾ നിക്ഷേപിക്കണം. സാഹസികമോ അസാധാരണമോ ആയ പ്രവർത്തനങ്ങളുടെ പ്രശ്നമല്ലിത്. കഴിവുകളും സാധ്യതകളും വിനിയോഗിച്ചുകൊണ്ട്, വിശ്വാസത്തിലും സ്നേഹത്തിലും മുന്നേറാൻ സ്വയം സമർപ്പിച്ചുകൊണ്ട്, പ്രവർത്തിക്കുക എന്ന പ്രശ്നമാണിത് (ലോകയുവജനദിനസന്ദേശം, 2010).

യുവജനങ്ങളുടെ ദൗത്യത്തെ സംബന്ധിച്ച് വളരെ വ്യക്തവും കൃത്യവുമായ പ്രബോധനമാണ് ബെനഡിക്ട് മാർപാപ്പ നല്കുന്നത്. സമൂഹത്തിലാണ് യുവജനങ്ങളിൽ ക്രിസ്തുവിന് സവിശേഷസാക്ഷ്യം വഹിക്കേണ്ടതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. നിത്യജീവൻ കരസ്ഥമാക്കാൻ ഗുരോ എന്താണ് ചെയ്യേണ്ടതെന്ന യുവാവിന്റെ ചോദ്യത്തിനുള്ള ഉത്തരംകൂടിയാണിത്.

രണ്ടാമത്തെ പ്രസക്തമായ കാര്യം, ഭാരതകത്തോലിക്കാമെത്രാൻ സമിതിയുടെ 29-ാമത് പ്ലീനറി സമ്മേളനം കഴിഞ്ഞ ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ ആസ്സാമിലെ ഗോഹട്ടിയിൽവച്ചു നടക്കുകയുണ്ടായി. ഈ സമ്മേളനത്തിന് ഏറെ സവിശേഷതയുണ്ടായിരുന്നു. യുവജനങ്ങൾ 'സമാധാനത്തിനും സമന്വയത്തിനും' എന്ന വിഷയമാണ് സമ്മേളനം ചർച്ച ചെയ്തത്. ഭാരതത്തിലെ മുഴുവൻ കത്തോലിക്കാമെത്രാന്മാരോടൊപ്പം ഭാരത കത്തോലിക്കായുവജനപ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് 51 യുവജനനേതാക്കൾ ഈ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. യുവജനങ്ങളുടെ പ്രസക്തി കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ആധുനികജീവിതസാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ പുത്തൻ ജീവിതപന്ഥാവിലേക്ക് യുവജനനിരയെ നയിക്കേണ്ടതുണ്ട് എന്ന് അവർ വിലയിരുത്തി. കൂടുതൽ ഉത്തരവാദിത്വപൂർണ്ണമായ ഒരു ജീവിതശൈലിയാണ് അത് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഇന്നത്തെ യുവജനങ്ങൾക്ക് സാമൂഹികപ്രതിജ്ഞാബദ്ധത കുറയുകയാണെന്ന ആക്ഷേപം വളരെ വ്യാപകമാണ്. സംഘടനാപ്രവർത്തനം, സാമൂഹികസേവനം, രാഷ്ട്രീയപ്രവർത്തനം, സഭാപ്രവർത്തനം എന്നിവയിൽനിന്നും യുവജനങ്ങൾ പിൻവലിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ വസന്തകാലമാണ് യുവത്വം. ഏറെ ഊർജ്ജം

പ്രസരിക്കുന്ന ഈ കാലഘട്ടത്തിലാണ് സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുക എന്ന സ്നേഹത്തിന്റെ ഉത്തുംഗശൃംഗത്തിലേക്ക് യുവജനത്തിന് വളരാനാകുന്നത്. അപരന്റെ വ്യഥകളും വേദനകളും യുവജനമനസ്സുകളിൽ എന്നും അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. ആ വേദനയിൽ വിശ്വാസത്തിന്റെ തീക്ഷ്ണത സമന്വയിപ്പിച്ചുകൊണ്ടായിരുന്നു യുവജനങ്ങൾ സാഹസികതയോടെ സ്വയംമറന്ന് സമൂഹത്തിന്റെ സമഗ്രനന്മയ്ക്കായി ഇറങ്ങിയിട്ടുള്ളത്. പക്ഷേ, സാമൂഹികഇടപെടലുകളിൽനിന്ന് യുവജനങ്ങൾ ഇന്ന് പരോന്മുഖരായിക്കൊണ്ടിരിക്കുയാണ്. സ്വന്തം വിദ്യാഭ്യാസം, ജോലി, സുഖസൗകര്യങ്ങൾ, സൗന്ദര്യസംരക്ഷണം, കലായകായികവിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിൽമാത്രം ശ്രദ്ധിക്കുന്നവരായി നമ്മുടെ യുവജനങ്ങൾ മാറുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കുന്നത് സമൂഹത്തിന് വലിയ നഷ്ടമാണ്.

സാമൂഹിക-സമ്പർക്കമാധ്യമങ്ങൾ ഭയാനകമായ രീതിയിലാണ് യുവജനങ്ങളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്. മാനുഷിക-ധാർമ്മികമൂല്യങ്ങളെക്കാൾ അധാർമ്മികവും ഭൗതികവുമായ മൂല്യങ്ങൾ അതിശക്തമായി സമൂഹത്തിലേക്ക്, പ്രത്യേകിച്ച് യുവജനങ്ങളിലേക്ക് സന്നിവേശിക്കപ്പെടുകയാണ്. യുവജനങ്ങളുടെ ശാരീരികതൃഷ്ണകളെ ഉണർത്തി അവരെ കേവലം ഭൗതികരാക്കി മാറ്റുന്നതിന് ഇടയാക്കുന്നു. ഇന്ന് മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും മനസ്സുകളെ മലീമസമാക്കുന്നതിൽ പോർണോഗ്രഫി അഥവാ അശ്ലീലദൃശ്യങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ലൈംഗികാഭാസങ്ങളും അശ്ലീലതയും വ്യാപകമാകുന്നതിനു അത് കാരണമാകുന്നു. പോസ്റ്ററുകൾ, ചീത്തപ്പുസ്തകങ്ങൾ എന്നിവവഴിയും മൊബൈൽഫോൺ, ഇന്റർനെറ്റ്, ഐഫോൺ, സിഡി എന്നീ ആധുനികസാങ്കേതികസൗകര്യങ്ങൾവഴിയും വേഗത്തിലും എളുപ്പത്തിലും അശ്ലീലത ലഭ്യമാകുന്നുണ്ട്. ചെറിയപ്രായത്തിൽത്തന്നെ കൂട്ടുകാരുടെയും മറ്റും സ്വാധീനത്തിൽപെട്ട് ഇപ്രകാരമുള്ള ദൃശ്യങ്ങളിൽ മുഴുകുന്നതും അതിന് അടിമകളാകുന്നതായും യുവജനങ്ങളെ ഒരുതരത്തിലുള്ള മാനസികരോഗികളാക്കുന്നു. സ്ത്രീകളെ അക്രമിക്കുന്നതടക്കമുള്ള അപകടകരമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുന്നു. ലൈംഗികതയുടെ വിശുദ്ധി, മഹത്വം, ദിവ്യത, മനുഷ്യമഹത്വം എന്നിവ തകിടംമറിക്കപ്പെടുകയും ചെയ്യുന്നു. യുവജനങ്ങളുടെ ഇടയിൽ മദ്യപാനശീലവും വർദ്ധിച്ചുവ

രികയാണ്. മയക്കുമരുന്നുകളുടെ കെണിയിൽ കുടുങ്ങുന്നവരുടെ എണ്ണവും കൂടുകയാണ്. ഇത്തരം ദുശ്ശീലങ്ങളും വലിയ പ്രതിസന്ധിക്ക് വഴിവയ്ക്കും. സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജനങ്ങളാണ് യുവത്വം പകരേണ്ടത്. ഈ മണ്ഡലങ്ങളിൽ യുവജനങ്ങളുടെ വിമുഖത അപകടകരമാണ്. ഇരുട്ടിനെ പഴിക്കുന്നതിനേക്കാൾനന്ന് ഒരു തിരിയെങ്കിലും കത്തിക്കുകയാണ് എന്നോർക്കണം.

യുവജനങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മകപരിണാമത്തിന് അവരെ മാത്രമാണോ പഴിക്കേണ്ടതെന്ന് മുതിർന്നവർ ആത്മവിമർശനം നടത്തേണ്ടിയിരിക്കുന്നു. യുവജനങ്ങളെ സ്വാകാര്യമാത്രതല്പരരാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെയും ശാരീരികതൃഷ്ണയിൽമാത്രം അഭിരമിക്കുന്നവരാക്കിത്തീർക്കുന്നതിന്റെയും പിന്നിലെ ശക്തികളെ നാം മനസ്സിലാക്കണം. കമ്പോള-ഉപഭോഗസംസ്ക്കാരത്തിലെ സ്പോൺസർമാരുടെ കറുത്തകരങ്ങളെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ക്രൈസ്തവികത അടിസ്ഥാനപരമായി സമൂഹോന്മുഖമാണ്. സമൂഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം ക്രൈസ്തവവിരുദ്ധമാണ്. യഥാർത്ഥ ക്രൈസ്തവയുവത്വം സമൂഹോന്മുഖമായിരിക്കണം എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രബോധനത്തിൽ യുവജനത്തെ ഉദ്ബുദ്ധരാക്കുകയാണ് എത്രയും പ്രധാനപ്പെട്ട കാര്യം. സാമൂഹികപ്രതിജ്ഞാബദ്ധതകൊണ്ടുമാത്രമേ സ്വാർത്ഥതയെ ഇല്ലാതാക്കാൻ കഴിയൂ. യുവജനരൂപീകരണത്തിനും സംഘാടനത്തിനും ഗൗരവപൂർവ്വകമായ പ്രാധാന്യം നല്കാൻ സി.ബി.സി.ഐ. സമ്മേളനം നമ്മോടാവശ്യപ്പെടുന്നുണ്ട്. ഓരോ ഇടവകയിലും യുവജനരൂപീകരണത്തിനും, സംഘാടനത്തിനുമുള്ള സംവിധാനങ്ങൾ ശക്തമാക്കണം. എല്ലാ യുവജനങ്ങളെയും സഭയിലെ ഏതെങ്കിലും യുവജന പ്രസ്ഥാനത്തിൽ ചേർന്നുപ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. യുവജനങ്ങളും ഉണർന്നുചിന്തിക്കേണ്ട സമയമാണിത്. ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ നമ്മുടെ രാഷ്ട്രം വളരെവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതോടൊപ്പംതന്നെ പാർശ്വവത്ക്കരണവും നടന്നുവരികയാണ്. ദളിതർ, ആദിവാസികൾ, ചെറുകിട കർഷകർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ പ്രാന്തവത്ക്കരിക്കപ്പെടുകയാണ്. ഈ വിഭാഗത്തിൽപെട്ടവർക്ക് സാമൂഹികനീതി സംലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ യുവജനങ്ങൾ ഏർപ്പെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയപാർട്ടി

കൾ, ട്രേഡ് യൂണിയനുകൾ, സമുദായസംഘടനകൾ, പരിസ്ഥിതിസംഘടനകൾ തുടങ്ങിയവയിൽ യുവജനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കണം. എങ്കിൽമാത്രമേ നീതിനിഷ്ഠമായ ഒരു ഇന്ത്യയെന്ന സ്വപ്നം നമുക്ക് സാക്ഷാത്ക്കരിക്കാൻ കഴിയൂ.

അതിന് സഹായകമായ രീതിയിൽ യൂത്ത്കമ്മീഷൻ ചില നൂതന പദ്ധതികൾക്ക് തുടക്കമിടുകയാണ്. വിദ്യാസമ്പന്നരും അല്ലാത്തവരുമായ നമ്മുടെ മുഴുവൻ യുവജനങ്ങളുടെയും കഴിവുകളും സാധ്യതകളും സമൂഹനിർമ്മിതിക്കും രാഷ്ട്രവികസനത്തിനും അതുവഴി സമൂഹത്തിന്റെ സമ്പൂർണ്ണവിമോചനത്തിനും ഉപയുക്തമാകണം. നിലവിലുള്ള യുവജനസംഘടനകളോടൊപ്പംതന്നെ യുവജനങ്ങളുടെ ജീവിതവൃത്തിയുടെയും കരിയറിന്റെയും അടിസ്ഥാനത്തിൽ വിവിധങ്ങളായ യൂത്ത്ഫോറങ്ങൾ രൂപീകരിച്ച് എല്ലാ യുവജനങ്ങളെയും ഒന്നിച്ച് കൂട്ടുന്നതിന് ആരംഭം കുറിക്കുകയാണ്. ഇതുവഴി നമ്മുടെ സമ്പന്നമായ യുവജനസ്രോതസ്സിനെ സമൂഹത്തിലെ വിവിധതട്ടുകളിലുള്ള ജനങ്ങളുടെ സമുദ്ധാരണത്തിന് ഉപയുക്തമാക്കാനും യുവജനങ്ങളുടെതന്നെ സമഗ്രവികസനത്തിന് സഹായകരമാക്കാനും സാധിക്കും.

അതോടൊപ്പം, മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പഠനത്തിനും ഉദ്യോഗത്തിനുമായി പോയിട്ടുള്ള യുവജനങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും നമുക്ക് കടമയുണ്ട്. താത്കാലികമായോ സ്ഥിരമായോ കേരളത്തിൽനിന്നകന്ന് മറ്റു സ്ഥലങ്ങളിലായിരിക്കുന്ന യുവജനങ്ങളൊക്കെത്തന്നെ നമ്മുടെ കൂട്ടായ്മകളിലും പരിശീലനപരിപാടികളിലും ഭാഗഭാക്കുകളാണ്. അവരുമായുള്ള ബന്ധം നിലനിർത്തുവാനും അവരായിരിക്കുന്ന സാഹചര്യങ്ങളിൽ അവർക്ക് സംഘടനാപ്രവർത്തനംവഴി വിശ്വാസസാക്ഷ്യജീവിതത്തിന് പ്രചോദനമേകുവാനുമായി 'ഗ്ലോബർ യൂത്ത് കോയ്നോനിയ' എന്ന പേരിൽ യൂണിറ്റുകളാരംഭിക്കുവാൻ യൂത്ത് കമ്മീഷൻ പദ്ധതികളൊരുക്കുകയും ഇതിന്റെ പ്രാരംഭനടപടികൾ വിവിധ രാജ്യങ്ങളിൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

"യുവജനങ്ങളേ, യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല. നിങ്ങളുടെ സ്വകാര്യസ്വത്തുമല്ല. ഒരു തലമുറയുടെമാത്രം സ്വത്തുമല്ല. ഓരോ മനുഷ്യനും തന്റെ ജീവിതയാത്രയിൽ കടന്നുപോകുന്ന മുഴുവൻ സ്ഥലകാലത്തിന്റെയും സ്വത്താണ്. അതേസമയം അത് ഓരോരുത്തരുടെയും

സവിശേഷ സ്വത്തുമാണ്. മനുഷ്യവംശത്തിന്റെ മുഴുവൻ സ്വത്തുമാണ്" എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അർത്ഥവത്താണ് (യുവജനങ്ങൾക്കുള്ള അപ്പസ്തോലികലേഖനം 1).

ഗോഹട്ടിയിൽ ചേർന്ന ഭാരതകത്തോലിക്കാമെത്രാൻസമിതി പുറത്തിറക്കിയ ആഹ്വാനത്തിൽ യുവജനങ്ങളുടെ സാമൂഹിക-രാഷ്ട്രീയ പ്രേഷിതത്വത്തിന് വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ, സാമൂഹികനീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ യുവജനങ്ങളെ നിർബന്ധിക്കുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സിവിൽസ്ഥാപനങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവയിൽ പങ്കുചേരാൻ ഞങ്ങൾ നിർബന്ധിക്കുന്നു (സി.ബി.സി.ഐ.-ഗോഹട്ടി സമ്മേളനസന്ദേശം). കഴിഞ്ഞവർഷത്തെ യുവജനദിനസന്ദേശത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് വേണ്ടതായ നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പ് ആസന്നമായ ഈ അവസരത്തിൽ മൂല്യബോധമുള്ളവർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടെങ്കിൽമാത്രമേ നീതിനിഷ്ഠവും അഴിമതിരഹിതവുമായ ഭരണം ഉണ്ടാകുകയുള്ളൂ എന്ന സത്യം നാം വിസ്മരിക്കപ്പെടാനിടയാകരുത്. അതിനാൽ, നേതൃത്വഗുണവും മൂല്യബോധവുമുള്ള യുവജനങ്ങൾ ഈ രംഗത്തേക്ക് വരുവാൻ വേണ്ട ഒത്താശയും പരിശീലനവും നല്കേണ്ടതുണ്ട്. ഓരോ രൂപതയിലും ഇടവകതലത്തിൽ ഇതിനുള്ള ക്രമീകരണം ഉണ്ടാകണം.

കേരളസഭയ്ക്ക് അഭിമാനിക്കാൻ വക നല്കുന്ന ഒരു പ്രസ്ഥാനമായി കെ.സി.വൈ.എം.-ഉം യുവജനങ്ങൾ ഉൾക്കൊള്ളുന്ന മറ്റ് സംഘടനകളും മാറിക്കഴിഞ്ഞു. ഐ.സി.വൈ.എം.ന്റെയും മിജാർക്കിന്റെയും ഫിംകാപ്പിന്റെയും ദേശീയ-അന്തർദ്ദേശീയനേതൃത്വത്തിലേക്ക് നലംതികഞ്ഞ നേതാക്കന്മാരെ സംഭാവന ചെയ്യാൻ കെ.സി.വൈ.എം.ന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിലേറെയായി കേരളസഭയ്ക്കും പൊതുസമൂഹത്തിനും ഗുണാത്മകമായ സംഭാവനകൾ നല്കാൻ ഈ സംഘടനകൾക്ക്, പ്രത്യേകിച്ച്, കെ.സി.വൈ.എം.-ന് സാധിച്ചിട്ടുണ്ട്. കെ.സി.വൈ.എം.ന്റെ യൂണിറ്റുകൾ കേരളത്തിലെ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും സേവനം ചെയ്യാനുതകുന്ന നിരവധിപേരെ അതുവഴി നമുക്ക് സംഭാവന ചെയ്യാൻ കഴിയും. യുവജനദിനത്തിൽ എല്ലാ ഇടവകക

ളിലും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് അവർക്ക് പ്രോത്സാഹനം നല്കുകയും വേണം. നമ്മുടെ യുവജനപ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തികസഹായവും നല്കണം. അന്നേദിവസം പള്ളികളിൽ പ്രത്യേകപിരിവെടുത്ത് മുഴുവൻതുകയും രൂപതാകേന്ദ്രങ്ങളിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭയെ യൗവനയുക്തയാക്കാൻ, സഭയെ കൂടുതൽ ക്രിസ്തുചൈതന്യമുള്ളതാക്കാൻ യുവജനങ്ങളോടാവശ്യപ്പെടുമ്പോൾ യുവാവായ യേശുനാഥൻ സമൂഹത്തിന് നല്കിയ ദിശാബോധം സഭയിലൂടെ ഇന്നത്തെ സമൂഹത്തിന് പകർന്നുനല്കാൻ യുവജനങ്ങളെ സഭ ക്ഷണിക്കുകയാണ്. അത്രയും ശക്തമായ സാന്നിദ്ധ്യമാണ് സഭയ്ക്കുള്ളിൽ യുവജനങ്ങൾക്കുണ്ടാകേണ്ടത്. 'പ്രത്യാശയുടെ പടിവാതിൽ' എന്ന ഗ്രന്ഥത്തിലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം നിങ്ങൾക്ക് പ്രചോദനമാകട്ടെ: "ജീവിതത്തിൽ ഏതാനുംവർഷം മാത്രം നീണ്ടുനില്ക്കുന്ന സുന്ദരമായ ഒരു കാലഘട്ടം മാത്രമല്ല, ദൈവപരിപാലനയിൽ ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ഒരു കാലഘട്ടംകൂടിയാണ് യുവത്വം."

യുവജനങ്ങളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ഉന്നമനത്തിനുവേണ്ടി എല്ലാ സഹായസഹകരണങ്ങളും നല്കുവാനും യുവജനദിനാശംസകളോടെ ഏവരെയും ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പി.ഒ.സി. കൊച്ചി - 25
25-05-2010

**ബിഷപ് വിൻസെന്റ് സാമുവൽ**
ചെർമാൻ, കെ.സി.ബി.സി യൂത്ത് കമ്മീഷൻ

(ഈ സർക്കുലർ ജൂലൈ 4-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്. ജൂലൈ 17-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ യുവജനദിന പിരിവ് നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 31-ാം തീയതിക്കകം രൂപതാകേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.)





# ക്രൈസ്തവവോട്ടർമാർക്ക് കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെ.സി.ബി.സി. നല്കുന്ന ആഹ്വാനം

പ്രിയ സഹോദരീ സഹോദരന്മാരേ,

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു കേരളം ഒരുങ്ങുന്ന സമയമാണല്ലോ ഇത്. വരുംവർഷങ്ങളിൽ നമ്മുടെ നാട്ടിലും നഗരങ്ങളിലും നടക്കേണ്ട ഭരണശൈലികളും നയങ്ങളും നിലപാടുകളും നിർണ്ണയിക്കപ്പെടുന്ന ഈ അവസരം പ്രധാനമാണെന്നു പറയേണ്ടതില്ലല്ലോ. കേന്ദ്രസംസ്ഥാനഭരണതലങ്ങളിൽ അധികാരവും സമ്പത്തും ശക്തിയും കേന്ദ്രീകരിച്ചിരുന്ന അവസ്ഥയിൽ നിന്ന് വികേന്ദ്രീകരണം വഴി ഇന്ന് വൻതോതിൽ അവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. വികസനത്തിലും വളർച്ചയിലും സംസ്ഥാനത്തിന്റെ പൊതുസമ്പത്ത് വിനിമയം ചെയ്യുന്നതിൽ ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും ഉള്ള പങ്ക് അങ്ങനെ വലുതായിരിക്കുന്നു. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ, ഭരണനിർവ്വഹണം, പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഉത്തമരും പ്രാപ്തരും പൊതുനന്മയ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും സേവന മനസ്ഥിതിയുള്ളവരും മൂല്യങ്ങൾക്കു വില കല്പിക്കുന്നവരും ദൈവ വിശ്വാസമുള്ളവരും ഭരണതലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടാലേ, ഇക്കാര്യങ്ങളെല്ലാം ഫലപ്രദമായി നടക്കുകയുള്ളൂ.

കീഴ്ഘടകശാക്തീകരണതത്വം (Principle of Subsidiarity) സഭയുടെ സാമൂഹികപ്രബോധനത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഒന്നാണ്. കീഴ്ഘടകങ്ങളെ സാമ്പത്തികമായും നിയമപരമായും സംവിധാനപരമായും ഉയർന്ന ശ്രേണിയിലുള്ളവർ സഹായിക്കുന്നതിനെയാണ് ഈ തത്വം കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയേ വികസനം എല്ലായിടത്തും എത്തൂ (സത്യത്തിൽ സ്നേഹം, 57). ഉന്നതതലത്തിലുള്ള സംവിധാനങ്ങൾ താഴെതലങ്ങളിലുമുള്ള സംവിധാനങ്ങളുടെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ മറ്റു തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി കോർത്തിണക്കാൻ സഹായിക്കണം. എപ്പോഴും പൊതുനന്മ ലക്ഷ്യം വച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്. സഭ മുറുകെ പിടിക്കുന്ന ഈ

തത്വത്തിനനുസരിച്ചുള്ള പ്രവർത്തനമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതുവഴി സംഭവിക്കുന്നത്. അതിനാൽതന്നെ ക്രൈസ്തവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ താത്പര്യം എടുക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

എന്നാൽ, ഇക്കാര്യം നാം അർഹിക്കുന്ന പ്രാധാന്യത്തോടെ സ്വീകരിക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. പങ്കാളിത്ത ജനാധിപത്യം വിഭാവനം ചെയ്യുന്ന പഞ്ചായത്ത്‌രാജിന്റെ പ്രധാന പ്രവർത്തനമാണ് ഗ്രാമസഭകൾ. ഒരു വാർഡിലെ മുഴുവൻ വോട്ടർമാരും ഗ്രാമസഭയിൽ അംഗങ്ങളാണ്. മൂന്നു മാസത്തിലൊരിക്കൽ കൂടേണ്ട ഈ യോഗത്തിലാണ് ആസൂത്രണം, പദ്ധതി നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഈ രംഗത്ത് ജനങ്ങൾ പൊതുവേ നിസ്സംഗത പുലർത്തുന്നതുകൊണ്ടും വേണ്ടത്ര സന്നിഹിതരാകാത്തതുകൊണ്ടും അഴിമതി തുടരുകയും പദ്ധതികൾ പ്രാധാന്യമനുസരിച്ചും ആവശ്യമനുസരിച്ചും നടത്താൻ കഴിയാതെയും വരുന്നു. ഇതിനൊരു മാറ്റം ഉണ്ടാകണം. ക്രൈസ്തവർ സജീവമായും ഉത്തരവാദിത്വബോധത്തോടെയും പൊതുനന്മ ലക്ഷ്യം വച്ചും ഗ്രാമസഭകളിൽ പങ്കുചേരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അങ്ങനെ ജനാധിപത്യത്തിന്റെ അടിത്തറ നമ്മൾ ശക്തിപ്പെടുത്തണം.

സഭയുടെ സാമൂഹികപ്രബോധനം നന്നായി ഉൾക്കൊണ്ട് രാഷ്ട്രീയജീവിതത്തിൽ സജീവമായി ഏർപ്പെടുകയെന്നത് വിശ്വാസികളുടെ ഗൗരവപൂർണ്ണമായ കടമയാണ് (cf അല്മായ പ്രേഷിതത്വം 4; തിരുസ്സഭ, 36). രാഷ്ട്രീയരംഗം അഴിമതിയും അധാർമ്മികതയും നിറഞ്ഞതാണെന്നു പറഞ്ഞ് ക്രൈസ്തവന് അതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. നിത്യനഗരം ഇവിടെയല്ല, സ്വർഗ്ഗത്തിലാണെന്നു കരുതി (cf ഹെബ്ര 11:13–16; ഫിലി 3:20) രാഷ്ട്രനിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെടാതിരിക്കാനുമാവില്ല. സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ഭൗതികക്രമത്തെ കെട്ടിപ്പടുക്കാൻ അത്മായവിശ്വാസികൾക്ക് ഉത്തരവാദിത്വമുണ്ട് (സഭ ആധുനികലോകത്തിൽ 43; അല്മായവിശ്വാസികൾ, 59). നല്ല ചിന്തയും ആദർശങ്ങളും പങ്കുവച്ചും ജനാധിപത്യത്തിന്റെ വ്യത്യസ്തഗ്രൂപ്പുകളിൽപ്പെട്ട എല്ലാവരുമായി സംഭാഷണത്തിലും കൂട്ടായ പ്രവർത്തനങ്ങളിലും ഏർപ്പെട്ടും നീതിനിഷ്ഠമായ ഒരു സമൂഹം കെട്ടിപ്പടുക്കണം. മനുഷ്യജീവന്റെ മഹത്വം, സ്വാതന്ത്ര്യം, കുടുംബത്തെ സംബന്ധിക്കുന്ന സത്യം, അതിന്റെ നന്മ, പൊതുനന്മയ്ക്കായുള്ള പരിശ്രമം, ആവശ്യത്തിലിരിക്കുന്നവരുമായി ഐക്യദാർഢ്യം എന്നിവ സമൂഹത്തിൽ പരിപോഷിപ്പിക്കാനാണ് നാം പരിശ്രമിക്കേണ്ടത്. യഥാർത്ഥ മാനുഷിക

നിർമ്മിതിയുടെ 'മൂലക്കല്ല്' "വഴിയും സത്യവും ജീവനുമായ" (യോ ഹ.14:6) ക്രിസ്തുവാണെന്ന ബോധ്യത്താൽ നിറഞ്ഞുവേണം പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ (വിശ്വാസതിരുസംഘം, രാഷ്ട്രീയജീവിതത്തിൽ കത്തോലിക്കരുടെ ഇടപെടലിനെയും പെരു മാറ്റത്തെയും കുറിച്ചുള്ള ചില കുറിപ്പുകൾ, ജനുവരി 12, 2003). സ്നേഹ മാണ് രാഷ്ട്രസമർപ്പണത്തിനും നീതിയിലും സത്യത്തിലും അധിഷ്ഠി തമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് ക്രൈസ്തവരെ നയിക്കേണ്ടത് (സത്യത്തിൽ സ്നേഹം 7). തെറ്റായ സിദ്ധാന്തങ്ങൾക്കപ്പുറം പോകുന്ന ശരിയായ രാഷ്ട്രീയവിജ്ഞാനം നവമായി വീണ്ടെടുക്കുകയെന്നതും ഇന്നിന്റെ ആവശ്യം തന്നെ (ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, പൊന്തിഫിക്കൽ അല്മായ കൗൺസിൽ അംഗങ്ങൾക്ക് നല്കിയ സന്ദേശം, 21 മെയ് 2010). വ്യക്തിയെ ദൈവത്തിൽനിന്നും രാഷ്ട്രീയത്തെ എല്ലാ ധാർമ്മികതയിൽനിന്നും അകറ്റുന്നതല്ല ശരിയായ രാഷ്ട്രീയസേ വനമെന്നും നാമറിയണം. ഓരോ വ്യക്തിയുടെയും എല്ലാ മനുഷ്യരു ടെയും സമഗ്രനന്മയും പൊതുനന്മയും സമന്വയിപ്പിച്ചുകൊണ്ടുപോകു വാൻ സമർപ്പണം നടത്തുന്നവരുടെ ഒരു തലമുറ ഉണർന്നെണീക്കാൻ ഇടയാകണം.

ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ കേരളത്തിലേതുപോലെ ഇടു ങ്ങിയ കക്ഷിരാഷ്ട്രീയത്തിന്റെ കടന്നുകയറ്റം ത്രിതല പഞ്ചായത്തുക ളുടെ വിവിധ പ്രവർത്തനങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം യഥാർത്ഥ വികസനത്തിനും ദരിദ്രർ, അർഹിക്കുന്നവർ എന്നിവർക്കു വേണ്ട സഹായം ലഭിക്കുന്നതിനും തട സ്സമാകുന്ന അനുഭവങ്ങൾ ധാരാളമാണ്. ഇത് ഉണ്ടാകാതിരിക്കാൻ ഓരോ പൗരനും നിതാന്തജാഗ്രത പുലർത്തണം. സാമൂഹികനീതി, സാമൂഹികവളർച്ച, യഥാർത്ഥജനാധിപത്യം, ഭരണഘടനാനുസൃതമായ മതാത്മകമതേതരത്വം, അതിന്റെ തന്നെ ഭാഗമായ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശം, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെയും ആദിവാസികളുടെയും ദളിതരുടെയും പുരോ ഗതി എന്നിവ ഉറപ്പാക്കാൻ പ്രാദേശിക സ്വയംഭരണസ്ഥാപന ങ്ങൾക്കാണ് കൂടുതൽ കഴിയുന്നത്. വർഗീയത, വർഗീയവിദ്വേഷം, വിദ്വേഷപ്രചാരണം, അക്രമം, നിരീശ്വരവാദം ലക്ഷ്യം നേടാൻ ഏതു മാർഗ്ഗവും ഉപയോഗിക്കൽ എന്നിവ വ്യക്തിജീവിതത്തിനും പൊതുജീവി തത്തിനും അപകടകരമാണെന്നതിൽ സംശയമില്ല. സമാധാനവും വിക സനവും ആഗ്രഹിക്കുന്നവർ ഈ തിന്മകൾക്കെതിരെ അണിചേരണം.

അധാർമ്മികമായും തന്ത്രങ്ങളുപയോഗിച്ചും ഏതു വിധേനയും അധി

കാരം കയ്യടക്കാൻ പരിശ്രമിക്കുന്നത് തെരഞ്ഞെടുപ്പിൽ നാം നിരന്തരം കാണുന്ന കാര്യമാണ്. തദ്ദേശസ്വയംഭരണതെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന തന്ത്രങ്ങളിലൊന്നാണ് നല്ല വ്യക്തികളെ സ്വതന്ത്രരായി നിറുത്തി തങ്ങളുടെ ആളാക്കിമാറ്റുന്ന തെറ്റായ ഏർപ്പാട്. സത്യത്തിൽ, ഇന്നത്തെ നമ്മുടെ രാഷ്ട്രീയസാഹചര്യത്തിൽ സ്വതന്ത്രർ എന്ന ഒരു വിഭാഗമുണ്ടോയെന്ന് സംശയിക്കണം. ഏതു പാർട്ടിയുടെയോ മുന്നണിയുടെയോ സ്വതന്ത്രരായി മത്സരിക്കുന്നുവോ അവയിൽ അവർ പിന്നീട് പങ്കുചേരുകയാണല്ലോ പതിവ്. തിരഞ്ഞെടുപ്പുകാലത്ത് ഇക്കാര്യം നാം ശരിയായി വിലയിരുത്തേണ്ടതാണ്. അതുപോലെതന്നെയുള്ള മറ്റൊരു കാര്യമാണ്, പാർട്ടി, അതിന്റെ നയം എന്നിവ ഒന്നും നോക്കാതെ തദ്ദേശസ്വയംഭരണതെരഞ്ഞെടുപ്പിൽ നല്ല ആളുകളെ തിരഞ്ഞെടുക്കുന്ന രീതി. പലപ്പോഴും ഈ നല്ല ആളുകൾക്ക് തങ്ങൾ അംഗങ്ങളായ പാർട്ടിയുടെ തെറ്റായ നിലപാടുകളെ എതിർക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്നു പൊതുവിലുള്ളത്. അവയ്ക്കെതിരെ നില്ക്കാൻ കഴിവുള്ളവരായിരിക്കണം സ്വതന്ത്രർ എന്ന കാര്യം മറക്കരുത്. തെരഞ്ഞെടുപ്പിൽ, മുന്നണി, രാഷ്ട്രീയകക്ഷി, അവയുടെ നയപരിപാടികൾ എന്നിവ വിലയിരുത്തി വേണം വോട്ടുചെയ്യാൻ. വോട്ടു ചെയ്യുക എന്നത് പൗരത്വപരവും ക്രൈസ്തവവുമായ ദൗത്യമാണ്. അതിൽ നിന്ന് ആരും അകന്നുപോകരുതെന്ന കാര്യം ഗൗരവപൂർവ്വം ഓർക്കുകയും വേണം. മുന്നണികൾ എത്രമാത്രം ജനാധിപത്യമൂല്യങ്ങളോടും ഭരണഘടനയോടും ഭരണഘടനാധിഷ്ഠിതമായ ന്യൂനപക്ഷാവകാശങ്ങളോടും സാമുദായികമതസൗഹാർദ്ദത്തോടും നാടിന്റെ വികസനത്തോടും പാവപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും ഉന്നമനത്തോടും പ്രതിജ്ഞാബദ്ധതയുള്ളവരാണെന്ന കാര്യവും നാം പ്രത്യേകമായി പരിഗണിക്കേണ്ട കാര്യങ്ങളാണ്.

സാമൂഹികനന്മ, വളർച്ച എന്നിവ കരുതി രാഷ്ട്രീയത്തിൽ ഇടപെടാൻ ക്രൈസ്തവർക്ക് കടമയുണ്ടെന്നു വ്യക്തം. അത് ചിലപ്പോൾ പ്രദേശത്തിന്റെ നന്മയ്ക്കുവേണ്ടി പ്രകൃതിസംരക്ഷണത്തിലും ശുചീകരണത്തിലും ആരോഗ്യസംരക്ഷണത്തിലും ഇടപെട്ടുകൊണ്ടായിരിക്കും. സഹകരണസംഘങ്ങളിൽ പങ്കാളികളായും, പ്രത്യേകിച്ച് സഹകരണ ബാങ്കുകൾ, ഗ്രന്ഥശാലാസംഘങ്ങൾ, കർഷകസഹകരണസംഘങ്ങൾ, ക്ഷീരവികസനസഹകരണസംഘങ്ങൾ എന്നിവയിൽ പങ്കാളികളായി, പൊതുനന്മയ്ക്കായി പ്രവർത്തിക്കാൻ ക്രൈസ്തവർ ശ്രദ്ധിക്കേണ്ടതാണ്.

സ്ത്രീകളുടെ ശക്തീകരണവും ഒരു സമൂഹത്തിന്റെ വികസനവും തമ്മിൽ അടുത്ത ബന്ധമുണ്ട്. 50 ശതമാനം വനിതകൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് പ്രവേശിക്കുന്നതുവഴി കൂടുതൽ മനുഷ്യോചിതമായതും ആർദ്രതയും സ്നേഹവും സേവനവും നിറഞ്ഞതുമായ ഒരു സമൂഹസൃഷ്ടി നടപ്പാകണം (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ, വനിതകൾക്കുള്ള സന്ദേശം). കഴിവും വിദ്യാഭ്യാസവും നേതൃത്വഗുണങ്ങളുമുള്ള വനിതകൾ ഈ രംഗത്തേക്ക് തിരഞ്ഞെടുക്കപ്പെടണം. അതിനുവേണ്ട പ്രോത്സാഹനവും സാഹചര്യവും കുടുംബങ്ങളും സമൂഹവും ഒരുക്കണം. സ്ത്രീപുരുഷ തുല്യപങ്കാളിത്തത്തിലും സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം തീർച്ചയായും അനുഗ്രഹപ്രദമാണ്; പ്രത്യാശാപൂർണ്ണമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പൗരത്വപരമായ ഉത്തരവാദിത്വങ്ങൾ ജാഗ്രതയോടെ നിർവ്വഹിക്കാൻ എല്ലാ വിശ്വാസികളേയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്തുകൊണ്ടും എല്ലാ നന്മയും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ടും,

കേരളകത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

1. അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ (മേജർ ആർച്ചുബിഷപ് സീറോ മലബാർ സഭ)
2. ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം (അധ്യക്ഷൻ ലത്തീൻ സഭ)
3. മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ (മേജർ ആർച്ചുബിഷപ് മലങ്കര സഭ)
4. ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് (കെ.സി.ബി.സി. പ്രസിഡന്റ്)
5. ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് (കെ.സി.ബി.സി. സെക്രട്ടറി ജനറൽ)

പി.ഒ.സി. കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025
07-06-2010

---

2010 ജൂലൈ 18-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ഇത് വായിക്കേണ്ടതും ജനങ്ങൾക്ക് വിശദീകരിച്ച് നൽകേണ്ടതുമാണ്.

---



ലേഖനം

# സ്വത്വബോധമോ വർഗ്ഗബോധമോ? സ്വത്വരാഷ്ട്രീയവിവാദം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മതപരവും വിശ്വാസപരവും ആചാരാനുഷ്ഠാനപരവുമായ നിഷ്ഠകൾ മനുഷ്യസ്വഭാവത്തിൽ ആഴത്തിൽ വേരൂന്നിയവയാണ്. ഇവയുമായി മനുഷ്യന് അസ്തിത്വപരവും വൈകാരികവുമായ ബന്ധമുണ്ട്. അവന്റെ വ്യക്തിത്വത്തെ നിർവ്വചിക്കുവാനും വിശേഷിപ്പിക്കുവാനും ഇവ നിർണ്ണായകസ്വാധീനം ചെലുത്തുന്നു. മറ്റുവാക്കിൽ മതം, ജാതി, വർഗ്ഗം, വർണ്ണം ഇവയുടെ അടിസ്ഥാനത്തിൽ സമൂഹത്തിൽ വിവിധ വിഭാഗങ്ങൾ ചരിത്രാതീതകാലംതുടങ്ങി രൂപപ്പെട്ടിരുന്നു. യഹൂദർ, ക്രിസ്ത്യാനി, ഹിന്ദു, മുസ്ലീം, സുറിയാനി കത്തോലിക്കർ, ലത്തീൻ കത്തോലിക്കർ, ക്നാനായക്കാർ, ബ്രാഹ്മണർ, ഈഴവർ, തീയർ, നായർ, ദളിതർ, ആദിവാസിഗോത്രങ്ങൾ തുടങ്ങിയ മതപരവും സാംസ്കാരികവുമായ വിഭാഗങ്ങൾക്ക് തനതായ സ്വത്വം (ശറലിശേ്യേ) ഉണ്ട്. ഈ സ്വത്വം കാത്തുസൂക്ഷിക്കുവാൻ ജനസമൂഹങ്ങൾ സദാ ജാഗരൂകരാണ്. കത്തോലിക്കർ കത്തോലിക്കരുമായി വിവാഹബന്ധം നടത്താനാഗ്രഹിക്കുന്നു. ജനനമരണസമയങ്ങളിലെ ആചാരങ്ങളും പ്രത്യേകമായി കാത്തുസൂക്ഷിക്കുന്നു. ബ്രാഹ്മണനും ഈഴവനും നായരും മുസ്ലീമും ദളിതനും ഇതിൽ ശ്രദ്ധിക്കുന്നുണ്ട്. ഈ സ്വത്വം പ്രധാനപ്പെട്ടതാണെന്നും ജനവിഭാഗങ്ങളുടെ ഈ സ്വത്വം അംഗീകരിച്ചും പരിഗണിച്ചും പരിപോഷിപ്പിച്ചും വേണം രാഷ്ട്രനിർമ്മാണവും രാഷ്ട്രീയപ്രവർത്തനങ്ങളും നടത്തുവാനുമെന്നും സ്വത്വവാദികൾ പഠിപ്പിക്കുന്നു.

### വർഗ്ഗവാദം: കേരളത്തിൽ നിയമം വർഗ്ഗനിയമമാകുന്നു

കമ്മ്യൂണിസ്റ്റ് സിദ്ധാന്തം സ്വത്വവാദത്തിന് എതിരാണ്. (അല്ലാത്ത ചുരുക്കം ചില കമ്മ്യൂണിസ്റ്റുകാരുമുണ്ട്). മേൽപറഞ്ഞ സാമൂഹ്യസ്വത്വങ്ങളെ എല്ലാം ഇല്ലായ്മ ചെയ്യണം എന്നതാണ് അവരുടെ പഠനം. സമൂഹത്തിൽ ചരിത്രപരമായി രണ്ടു ഗണങ്ങൾ മാത്രം:

ബൂർഷ്വാസിയും തൊഴിലാളിയും. ഇവർ തമ്മിലുള്ള വർഗ്ഗസമരമാണ് മാനവചരിത്രം. ഒരു വശത്തു തൊഴിലാളിവർഗ്ഗവും മറുവശത്ത് മുതലാളിവർഗ്ഗവും. അങ്ങനെ നിയമം വർഗ്ഗനിയമമാകുന്നു. ഇവിടെ വിഭജനത്തിനുള്ള ആധാരം തൊഴിലും മുതലുമാണ്. തൊഴിലും സമ്പത്തും മനുഷ്യരെ രണ്ടുവർഗ്ഗമായി വിഭജിച്ചിരിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ വാക്കുകൾ ഈ അർത്ഥത്തിലുള്ളതാണ്: "വർഗ്ഗരാഷ്ട്രീയത്തിനു പകരം സ്വത്വരാഷ്ട്രീയ പ്രചരണം നടത്തുന്നത് വർഗ്ഗ സംഘടനകളെ തകർക്കുക എന്ന ലക്ഷ്യമുള്ളവരാണ്. അത്തരം പ്രചാരകരെ ആശയപരമായി ചെറുത്തുതോല്പിക്കണം. ജാതി, മതം, സങ്കുചിത ദേശീയത എന്നിവയ്ക്കെല്ലാം അതീതമായി ഏകലോക ബോധവും സാർവ്വദേശീയതയും വളർത്തണം." ഇത് ഒരു ആയുധപരീക്ഷണത്തിനുള്ള വാക്കുകൾപോലെ പ്രയോഗിച്ചു നോക്കിയതാണെന്ന് തോന്നുന്നു. അതീവദുർബലമായ ഒരു രാഷ്ട്രീയചിന്ത മാത്രമാണിത്. തന്നെത്തന്നെ മനഃപൂർവ്വം തർക്കവിഷയമാക്കുന്നതുപോലെ തോന്നും. ജനാധിപത്യത്തിലെ ചില സാമാന്യമര്യാദകളിൽ കുറെയെങ്കിലും അവശേഷിച്ചിരിക്കുന്ന ഒരു രാജ്യമാണ് ഭാരതം. സെക്കുലറിസ്സവുമായി ബന്ധപ്പെട്ടു നില്ക്കുന്നതാണ് ഭാരതത്തിൽ സ്വത്വവാദം. ഇന്ത്യൻ സെക്കുലറിസം എന്നു പറയുന്നത് വൈവിധ്യത്തിന്റെ നേർക്കുള്ള ആദരവാണ്. പ്രോത്സാഹിപ്പിക്കപ്പെടേണ്ട വൈവിധ്യങ്ങളെയാണ് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. സ്വത്വരാഷ്ട്രീയം പാടില്ലെന്ന നിലപാട് നാനാത്വത്തെ ഇല്ലാതാക്കും. വൈവിധ്യം ജനാധിപത്യത്തിന്റെ സമ്പത്താണെന്നു നാം മറക്കരുത്. പാശ്ചാത്യ സെക്കുലറിസത്തിൽനിന്നും വിഭിന്നമായ ഒന്നാണ് നമ്മുടേത്. അടിസ്ഥാനപരമായ 'ഭാരതീയത'യെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകളാണ് ഈ ദിവസങ്ങളിൽ ചിലർ ഇറക്കിവിടുന്നത്. സാർവ്വത്രികം, സാർവ്വലൗകികം, ഏകലോകം എന്ന് വിശേഷിപ്പിക്കപ്പെടുന്നവ പലപ്പോഴും സമൂഹത്തിലെ ഭൂരിപക്ഷത്തിനും ശക്തന്മാർക്കുംവേണ്ടി നിലകൊള്ളുന്ന വീക്ഷണങ്ങളാണ്. ഏകലോകം എന്നത് 'സർവ്വലോക തൊഴിലാളികളേ, സംഘടിക്കുവിൻ' എന്ന ആഹ്വാനത്തിന്റെ ആവർത്തനമാണ്. ജാതിയും മതവും തകർക്കപ്പെടേണ്ട സംഗതികളാണ്, അവ മനുഷ്യനെ യോജിപ്പിക്കില്ല, തൊഴിലാളിവർഗ്ഗബോധമേ യോജിപ്പിക്കൂ എന്നെല്ലാം ഇക്കൂട്ടർ വാദിക്കുന്നു. മതങ്ങൾ നല്കുന്ന നിഷ്പക്ഷതയെ പാടെ അവഗണിച്ചുകൊണ്ടുള്ള സമീപനങ്ങളാണ് മേൽപറഞ്ഞവ. സ്വത്വവാ

ദികൾ മതം, ജാതി, വിശ്വാസം, സർവ്വോപരി ആത്മീയത എന്നിവയെ അംഗീകരിച്ച് വളർത്തുന്നവരാണ്. അല്ലെങ്കിൽ അവയെ അംഗീകരിച്ചുകൊണ്ടുവേണം രാഷ്ട്രീയപ്രവർത്തനങ്ങൾ നടത്തുവാൻ എന്നു വാദിക്കുന്നവരാണ്. സ്വത്വവാദത്തെ ഉപേക്ഷിക്കുന്നതോടെ കമ്മ്യൂണിസ്റ്റുകാർ മൃദുഹിന്ദുത്വവാദം സ്വീകരിക്കുന്നു എന്ന ആക്ഷേപം ഉണ്ടാകുന്നതിതുകൊണ്ടാണ്. ചരിത്രത്തെ ഗൗരവമായി സമീപിക്കുന്നവർക്കും ചരിത്രത്തിൽനിന്നു പാഠങ്ങൾ പഠിക്കുന്നവർക്കും സ്വത്വം, സ്വത്വബോധം എന്നീ ആശയങ്ങളെ അവഗണിക്കുവാൻ സാധിക്കില്ല. സ്വത്വരാഷ്ട്രീയം അതിൽത്തന്നെ തെറ്റല്ല. സ്വത്വരാഷ്ട്രീയത്തെ വർഗ്ഗീയതയായി തരംതാഴാൻ അനുവദിക്കരുതെന്നുമാത്രം. ജനാധിപത്യത്തിൽ ഇവയ്ക്കെല്ലാം നിയന്ത്രണോപാധികൾ ഉണ്ട്. അല്ലെങ്കിൽ ഭാഷാ, മത, വർഗ്ഗ, പ്രാദേശിക തീവ്രവാദങ്ങൾ ഉണ്ടാകും. വർഗ്ഗവിദ്വേഷങ്ങളും കലാപങ്ങളും സൃഷ്ടിക്കപ്പെടും. വിഘടനവാദവും വിഭാഗീയതയും ജനിക്കും. ശിവസേനക്കാരും ഒളിനാഗന്മാരും ബജറംഗ്ദളും ഖാലിസ്ഥാൻ വാദികളും ഇതിന് ഉദാഹരണങ്ങളാണ്. വർഗ്ഗീയതയും ഭീകരപ്രവർത്തനങ്ങളും തമ്മിൽ ബന്ധമുണ്ടെന്നും നാം തിരിച്ചറിയണം. ജനാധിപത്യം തകർക്കപ്പെടുന്നത് ഒറ്റ രാത്രി കൊണ്ടല്ല. മൂല്യനിരാസം ഒരു അടിസ്ഥാന പ്രമാണംപോലെ കരുതുമ്പോൾ അത് ജനാധിപത്യമര്യാദകളെ കൊല ചെയ്യുകയാണ്. ഒരു രാജ്യം നിലനില്ക്കുന്നത് അവിടുത്തെ ജനങ്ങളുടെ ബൗദ്ധിക നിലവാരംകൊണ്ടു മാത്രമല്ല. അതിനേക്കാൾ, ജനങ്ങളുടെ സ്വഭാവശുദ്ധിയേയും ധാർമ്മികബോധത്തെയും ആശ്രയിച്ചാണ്.

**മാർക്സിസവും സ്വത്വവാദവും**

കമ്മ്യൂണിസത്തിന് രണ്ടു പ്രധാന കാരണങ്ങളാൽ സ്വത്വവാദത്തെ പ്രോത്സാഹിപ്പിക്കാനാവില്ല. ഒന്നാമത് മാർക്സിസം ഭൗതികവാദമാണ്. ആത്മീയതയെ അംഗീകരിക്കാനാവില്ല. സ്വത്വത്തിൽ, സമൂഹങ്ങളുടെ തനിമ ആത്മീയതയിലും ധാർമ്മികതയിലും ദൈവവിചാരത്തിലും വേരുറച്ചു നില്ക്കുന്നു. പഠനത്തിൽനിന്നും ശിക്ഷണത്തിൽനിന്നും ഉരുത്തിരിയുന്ന മൂല്യങ്ങൾ ഇവിടെ ഏറെയുണ്ട്. അതിനാൽ സ്വത്വവാദമംഗീകരിച്ചാൽ മതം, വിശ്വാസം, ധാർമ്മികത, ആത്മീയത എന്നിവ തൊഴിൽ, സമ്പത്ത് എന്നീ രണ്ടു ഘടകങ്ങളെക്കാൾ മനുഷ്യസ്വഭാവത്തിൽ വേരുറച്ചതാണെന്ന് അംഗീകരിക്കേണ്ടിവരും.

രണ്ടാമത്, സ്വത്വവാദം മാർക്സിസത്തിനു വിരുദ്ധമായ ബഹുസ്വരതയെ അംഗീകരിക്കുന്നു. കമ്മ്യൂണിസമാകട്ടെ ഏകസ്വരതയും അതിലുപരി ഏകാധിപത്യവുമാണ്. ബഹുസ്വരത ജനാധിപത്യത്തിന്റെ മുഖമുദ്രകളിൽ ഒന്നാണ് എന്ന് മുമ്പു സൂചിപ്പിച്ചല്ലോ. അത് സമൂഹത്തിൽ അടിസ്ഥാന വൈവിധ്യങ്ങളെയും സമൂഹങ്ങളുടെ തനിമയേയും സ്വത്വം അഥവാ ഐഡന്റിറ്റിയെയും മാനിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിൽ ന്യൂനപക്ഷ അവകാശങ്ങളും പട്ടികജാതി-പട്ടിക വർഗ്ഗ ആനുകൂല്യങ്ങളും ഭരണഘടനാപരമായ അവകാശങ്ങളായി ചേർത്തിരിക്കുന്നത് ഇതുമൂലമാണ്.

സ്വത്വരാഷ്ട്രീയത്തിന് ദാർശനികമായ പല കാഴ്ചപ്പാടുകളും ഊന്നലുകളും ഉണ്ട്. ഒന്നാമതായി ഒരു മതവിഭാഗത്തിന് അവയ്ക്കുള്ളിലേക്ക് നോക്കാം (ad-intra). മതന്യൂനപക്ഷങ്ങളുടെ അവകാശവാദങ്ങളെ ചൊല്ലിയുള്ള വിവാദങ്ങൾ സ്വത്വരാഷ്ട്രീയത്തിന്റെ ad-extra - പുറത്തേക്കുള്ള നോട്ടമാണ്. ഒരു മതവിഭാഗത്തിന്, സമൂഹത്തിന് അതിന്റെ സിദ്ധാന്തപരമായ കാര്യങ്ങൾ വിപുലീകരിക്കാം. പുതിയ കാഴ്ചപ്പാടുകൾ സമർത്ഥിക്കാം. അത് സ്വത്വരാഷ്ട്രീയത്തിന്റെ രചനാത്മകമായ സംഭാവനകളാണ്. മേൽപറഞ്ഞ മൂന്നു കാര്യങ്ങളും സ്വത്വത്തിന്റെ മൗലികമാനങ്ങളത്രെ. സ്വത്വങ്ങളെ - മതം, ജാതി, വംശം, ഗോത്രം - ഇല്ലായ്മ ചെയ്യുകയോ കീഴ്പ്പെടുത്തുകയോ ചെയ്തുകൊണ്ട് ഒരു നേട്ടവും സാധ്യമല്ല. വലിയ ഒരു സാങ്കല്പിക ഐഡന്റിറ്റിക്കുവേണ്ടി, ചെറിയ ഐഡന്റിറ്റിയെ ബലികഴിക്കുക എന്നത് തികച്ചും തെറ്റാണ്. മതപരവും ഭാഷാപരവുമായ ചെറിയ കൂട്ടായ്മകളിലാണ് സ്വത്വത്തിന്റെ ശ്രേഷ്ഠാംശങ്ങൾ വളർന്നുവികസിക്കുന്നത്. അത്തരം കൂട്ടായ്മകൾക്കാണ് പ്രപഞ്ചം മുഴുവനേയും ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത ഉണ്ടാകുന്നത്. ശരിയായിട്ടുള്ള സാർവലൗകിക മൂല്യങ്ങളുടെ സംഭരണികൾ ഇത്തരം ചെറിയ സ്വത്വങ്ങളാണ്. ഇവയിലെല്ലാം പ്രതിഫലിക്കുന്ന മൂല്യങ്ങളെ പരിഹാസവിഷയങ്ങളാക്കുന്നത് എത്രയോ ആപത്ക്കരമാണ്. ഇത്തരം മൂല്യങ്ങളെ എതിർക്കുന്നത് ആദർശസംരക്ഷണമല്ല വെറും താൽപര്യസംരക്ഷണമാണ്. ദീർഘവീക്ഷണവും ദാർശനികതയുമുള്ള ആരും അടിസ്ഥാനമൂല്യങ്ങളെ നിഷേധിക്കുകയില്ല.

## സ്വത്വവാദത്തിന്റെ നിലനില്പ്

മതം, ജാതി, വർഗ്ഗം തുടങ്ങിയവയ്ക്കു മുകളിൽ തൊഴിലിനെ പ്രതിഷ്ഠിക്കുവാനുള്ള കമ്മ്യൂണിസ്റ്റ് നീക്കം അപ്പാടെ പരാജയമായി എന്നതിന് ചൈനയും, പൂർവ്വ യൂറോപ്യൻ രാജ്യങ്ങളും റഷ്യയും സാക്ഷ്യം നല്കും. സ്വത്വത്തെ ഇല്ലായ്മ ചെയ്യാനാവില്ല. ഒരുപക്ഷേ നിരപരാധികളെ കൊല ചെയ്യാനാകും. കേരളത്തിൽ പട്ടർസമൂഹം, ബ്രാഹ്മണസമൂഹം തുടങ്ങിയവർ സാമ്പത്തിക - തൊഴിൽരംഗങ്ങളിൽ ഇന്ന് ഏറെ അവശത നേരിടുന്നു. പക്ഷേ അതൊന്നും അവരുടെ സ്വത്വത്തെ തകർക്കുന്നില്ല. ഒരു സമൂഹവും അവഗണിക്കപ്പെടാൻ പാടില്ല. സകല മത, ജാതി, ഭാഷാവിഭാഗങ്ങളും സമഗ്രപുരോഗതി നേടണം. ചെറിയ മധ്യവർത്തിസമൂഹങ്ങളിലൂടെയാണ് ഇത് സാധിക്കേണ്ടത്. ക്രിസ്തീയത രാജ്യത്തിന് നല്കുന്ന ഏറ്റവും വലിയ സംഭാവന അത് രാഷ്ട്രീയമിത്തുകളുടെ യുക്തിരാഹിത്യത്തിൽനിന്ന് മനുഷ്യനെ വിമോചിപ്പിക്കുന്നു എന്നതാണ്. സത്യത്തിന്റെയും യുക്തിയുടെയും സ്വരത്തിന് യുക്തിരാഹിത്യത്തിന്റെ ഒപ്പം ഒച്ചപ്പാടുകൾ കാണുകയില്ല എന്നുമാത്രം.

## സ്വത്വവാദകോലാഹലം ഇപ്പോൾ എന്തിന്?

കേരളത്തിൽ ഇന്നത്തെ സാഹചര്യത്തിൽ സ്വത്വബോധത്തെ അടിസ്ഥാനപരമായി നിർണ്ണയിക്കുന്നത് മതമാണ് എന്നതാണ് കമ്മ്യൂണിസ്റ്റുകാരുടെ പ്രശ്നം. മതം സ്വത്വബോധത്തിന്റെ ഒരു പ്രധാന ഘടകമാണ്. അതിന്റെ ധാർമ്മികതയും ആത്മീയതയും രണ്ടു പ്രധാന ഉപവഴികളും. വർഗ്ഗബോധത്തെക്കാൾ മനുഷ്യരെ ഇന്ന് ഒരുമിപ്പിക്കുന്നത് സമുദായബോധമാണെന്ന തിരിച്ചറിവാണ് ഈ വിവാദങ്ങൾക്കു പിന്നിൽ. കേരളത്തിൽ ക്രൈസ്തവരും മുസ്ലീമുകളും വർഗ്ഗീയതയും ഭീകരവാദവും വളർത്തുന്നു എന്ന് കുപ്രചരണം നടത്തി ഹൈന്ദവരെ പ്രീണിപ്പിക്കുക എന്നതാണ് കമ്മ്യൂണിസ്റ്റ് ലക്ഷ്യം. പ്രബലമായ രണ്ടു സമുദായങ്ങൾ തങ്ങളെ കൈവിട്ടു എന്ന് അവർ അനുഭവിച്ചറിയുന്നു. അതിനാൽ ഹിന്ദുക്കൾ മറ്റൊരു ചേരിയിൽ നില്ക്കണം എന്ന സന്ദേശവും കമ്മ്യൂണിസ്റ്റുകാർ നല്കുന്നു. ഭാരതത്തിൽ മതത്തിന്റെ വേരുകൾ ചികഞ്ഞെടുത്ത് അതിനെ പിഴുതുകളയാം എന്നത് വെറും വ്യാമോഹമാണ്. ക്രൈസ്തവർ വർഗ്ഗീയത വളർത്തുന്നു എന്നുള്ള ആരോപണങ്ങൾ എറിഞ്ഞ് ഒരുതരം വ്യാജസംതൃപ്തിയിൽ കഴിയുകയാണ്

കമ്മ്യൂണിസ്റ്റുകാർ. സാർവ്വദേശീയതയല്ല, വാടകദേശീയതയാണ് ഹിസ്റ്റീരിയ ജനിപ്പിക്കുന്ന ഇത്തരം പ്രസ്താവനകളിലൂടെ വളർത്തുന്നത്. രാഷ്ട്രീയ കോമാളിത്തരത്തിനുള്ള ചുട്ട മറുപടി ജനങ്ങൾ നല്കാതിരിക്കില്ല. ക്രൈസ്തവചരിത്രം വർഗ്ഗീതയ്ക്കും ഭീകരപ്രവർത്തനത്തിനും എതിരെ പോരാടിയ ചരിത്രമാണ്. ഏതൊരു സമൂഹത്തിനുള്ളിലേയും വിഭജനങ്ങൾ അവസാനിപ്പിച്ച് ഒരുമയിലേക്ക് നീങ്ങുന്നത് വർഗ്ഗീയതയ്ക്ക് തികച്ചും എതിരായ കാര്യമാണ്. മതസൗഹാർദ്ദം മതങ്ങൾ തമ്മിൽ മാത്രമല്ല, മതത്തിനുള്ളിലും ആവശ്യമാണ്. ഭരണത്തിലിക്കുന്നവർക്ക് ഏതു മൂല്യത്തെയും നിരാകരിക്കാം എന്ന നിലപാട് ധിക്കാരത്തിന്റേതാണ്. വിവിധ മതക്കാരും സമുദായക്കാരും ഐക്യത്തിൽ കഴിയുന്നിടത്ത് വർഗ്ഗീയതയുടെ തീപ്പന്തം എറിയാനാണ് സർക്കാർ ശ്രമിക്കുന്നത്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ വ്യത്യസ്തമായതിനെ നശിപ്പിക്കുന്നത് ഏറെ കുറ്റകരമാണ്. വോൾട്ടയറുടെ വാക്കുകൾ ശ്രദ്ധേയമത്രേ: "ഞാൻ നിങ്ങളോട് വിയോജിക്കുന്നു. എന്നാൽ എന്നോട് വിയോജിക്കുവാനുള്ള നിങ്ങളുടെ അവകാശത്തെ സംരക്ഷിക്കുവാൻ ഞാൻ എന്റെ ജീവൻ ബലികഴിക്കും."

മതസ്വാതന്ത്ര്യം സർവപ്രധാനമായ കാര്യമാണ്. ഒരു രാജ്യത്ത് രാഷ്ട്രീയസമൂഹത്തെക്കാൾ വലിയ ഒരു സമൂഹമുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. മതസ്വാതന്ത്ര്യവും രാഷ്ട്രീയാധികാരത്തെക്കാൾ മുമ്പിലാണ്, വലുതാണ്, മുൻഗണനയുള്ളതാണ്. രാഷ്ട്രീയം അതിനുശേഷമാണ്. ഒരു രാഷ്ട്രീയസമൂഹം മതസ്വാതന്ത്ര്യം നിഷേധിക്കുകയാണ്. സുപ്രസിദ്ധ ചരിത്രകാരനായ വിൽഡ്യൂറന്റിന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: "സീസർ വിചാരിച്ചതും പരിശ്രമിച്ചതും കൂടുതൽ നിയമങ്ങൾ നല്കിയും സ്ഥാപനങ്ങളിലെ പ്രവർത്തനശൈലിയിൽ നേരിയ വ്യത്യാസം വരുത്തിയും മനുഷ്യനെ നന്നാക്കാം എന്നായിരുന്നു. ക്രിസ്തു പ്രസംഗിച്ചത് മനുഷ്യന്റെ മനസ്സു മാറ്റിക്കൊണ്ടുമാത്രമേ സ്ഥാപനങ്ങളെ മാറ്റാൻ പറ്റൂ എന്നായിരുന്നു. അപ്പോൾ നിയമങ്ങളുടെ എണ്ണം നന്നേ കുറയും. ക്രിസ്തു ആഗ്രഹിച്ച വിപ്ലവം ആഴത്തിലുള്ളതായിരുന്നു. മനുഷ്യഹൃദയങ്ങളെ വെടിപ്പാക്കുന്ന വിപ്ലവമായിരുന്നു അത്." ഈ നേർരേഖയിലൂടെയേ ക്രിസ്തീയത എന്നും ചരിച്ചിട്ടുള്ളൂ.



# കച്ചേരിക്കാര്യം

## നിയമനം

1. Rev. Fr. Joseph Alencheril M.B.A. - Vice Principal,
   Mar Augusthinose College, Ramapuram (Additional Charge)
2. Rev. Fr. Joseph Vattappallil L.Th. - Assistant Director,
   K.C.Y.M. Palai (Additional Charge)

പ്രിയ ബഹു. അച്ചാ,

വിദേശരാജ്യങ്ങളിൽ ജോലിയും വിദ്യാഭ്യാസവും തേടുന്നവർക്കും മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ അന്വേഷിക്കുന്നവർക്കുമായി പാലാ സെന്റ് തോമസ് പ്രസ് ബിൽഡിംഗിൽ നൈപുണ്യ ഇന്റർനാഷണൽ, നൈപുണ്യ മാട്രിമണി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കാര്യം ബഹു. അച്ചൻ അറിഞ്ഞിരിക്കുമല്ലോ.

കത്തോലിക്കർക്ക് മാത്രമായിട്ടുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളോടെ പ്രവർത്തിക്കുന്ന മാട്രിമണിയാണ് നൈപുണ്യ മാട്രിമണി. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും വിസയും പാസ്പോർട്ടും നേടിക്കൊടുക്കുന്ന സംരംഭമാണ് നൈപുണ്യ ഇന്റർനാഷണൽ. മേൽപറഞ്ഞ സേവനങ്ങൾ നടത്തുവാനായി ഗവൺമെന്റിൽ നിന്നുള്ള ലൈസൻസും നൈപുണ്യയ്ക്ക് ലഭിച്ചിട്ടുണ്ട് (Registered Agency) പാലാ രൂപതയുടെ ആഭിമുഖ്യത്തിലാണ് നൈപുണ്യയുടെ പാലാ ശാഖ പ്രവർത്തിക്കുന്നത്.

നൈപുണ്യ മാട്രിമണിയിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ആയിരക്കണക്കിന് വ്യക്തികളുടെ വിശദവിവരങ്ങൾ വെബ്സൈറ്റ് വഴിയായി നൈപുണ്യ തുറന്നുകൊടുക്കുന്നതാണ്. അതുപോലെ വിദേശത്ത് ജോലി, വിദ്യാഭ്യാസം എന്നിവയ്ക്കായി പോകുന്നവരെ നേരിട്ട് സന്ദർശിച്ച് അന്വേഷണം നടത്തുവാനും സഹായങ്ങൾ ഏർപ്പെടുത്തുവാനും സംവിധാനങ്ങളും നൈപുണ്യയ്ക്കുണ്ട്.

നൈപുണ്യയുടെ മേൽപറഞ്ഞ സേവനങ്ങൾ നമ്മുടെ ആളുകൾ പ്രയോജനപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ബഹു. അച്ചൻ ഇക്കാര്യങ്ങൾ അടുത്ത ഞായറാഴ്ച പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

22-06-2010

മോൺ. ഫിലിപ്പ് ഞരളക്കാട്ട്
വികാരി ജനറാൾ



# സ്ത്രീ ശാക്തീകരണ സെമിനാർ

പാലാ സിവിൽസർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സ്ത്രീശാക്തീകരണസെമിനാർ നടത്തി. സഭയിലും സമൂഹത്തിലും സ്ത്രീകൾക്ക് മതിയായ സ്ഥാനവും പദവിയും കൈവന്നിരിക്കുന്ന സന്ദർഭത്തിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ കാര്യക്ഷമമായും മൂല്യാധിഷ്ഠിതമായും സഭാത്മകകാഴ്ചപ്പാടിലും നിറവേറ്റുന്നതിനുള്ള പരിശീലനം അവർക്ക് നൽകുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

നാലു ബാച്ചുകളിലായി സെമിനാറിൽ 400 ലധികം പേർ പങ്കെടുത്തു. ആദ്യബാച്ച് മേയ് 10, 11, 12 തീയതികളിലും 2-ാം ബാച്ച് 13, 14, 15 തീയതികളിലും നടന്നു. മൂന്നും നാലും ബാച്ചുകൾ യഥാക്രമം 24, 25, 26, 27, 28, 29 തീയതികളിലുമായിരുന്നു. സ്ത്രീശാക്തീകരണപ്രോജക്ടിന്റെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

**സ്ത്രീകൾ സഭയുടെയും സമൂഹത്തിന്റെയും സമ്പത്ത്**

ബൈബിളിലെ സ്ത്രീകളെ മാതൃകകളായി അവതരിപ്പിച്ചു. സ്ത്രീകളുടെ മഹത്വം പിതാവ് എടുത്തുകാട്ടി. ആഴമായ ദൈവവിശ്വാസം, സ്നേഹം, ത്യാഗം, പരിചരണമനോഭാവം തുടങ്ങിയ മൂല്യങ്ങൾ സ്ത്രീകൾക്ക് സഹജമാണെന്നും ഇത്തരം മൂല്യങ്ങൾ കുടുംബജീവിതത്തിനും പൊതുജീവിതത്തിനും ഏറെ ഗുണം ചെയ്യുമെന്നും പിതാവ് പറഞ്ഞു.

നമ്മുടെ കുടുംബങ്ങളുടെ സാന്മാർഗ്ഗികസ്രോതസ്സും പാരമ്പര്യങ്ങളുടെ സംരക്ഷകരുമാണ് സ്ത്രീകൾ. മനുഷ്യാവകാശലംഘനങ്ങളും ജീവനോട് അനാദരവും മദ്യാസക്തിയുമൊക്കെ വർദ്ധിച്ചു വരുന്ന ഇക്കാലത്ത് സമൂഹനവീകരണപ്രക്രിയയിൽ സ്ത്രീകൾക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് പിതാവ് അഭിപ്രായപ്പെട്ടു. രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കാനുള്ള അവസരങ്ങൾ സ്ത്രീകൾക്ക് കൂടുതൽ ലഭിക്കുന്ന സമയമാണിത്. ഏതു രംഗത്ത് പ്രവർത്തിച്ചാലും ധാർമ്മികമൂല്യങ്ങൾക്ക് മുൻഗണന നൽകണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു.

**ക്ലാസുകളും ചർച്ചകളും**

അറിവ് ആർജ്ജിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും ഉതകുന്ന ക്ലാസ്സുകളും ചർച്ചകളുംകൊണ്ട് സജീവമായി. "സ്ത്രീശാക്തീകരണം വ്യക്തിത്വവികസനത്തിലൂടെ", "നേതൃഗുണം പ്രവൃത്തിപഥത്തിൽ", "പൊതുപ്രവർത്തനവും ആശയവിനിമയവും" , "നിയമസാക്ഷരത സ്ത്രീകളുടെ പങ്ക്" , "ന്യൂനപക്ഷാവകാശങ്ങൾ" , "സ്ത്രീ കുടുംബത്തിൽ, സഭയിൽ, സമൂ

ഹത്തിൽ" , "മൂല്യാധിഷ്ഠിത സമൂഹനിർമ്മിതിയിൽ സ്ത്രീകളുടെ പങ്കാളിത്തം" , "സഭാസംവിധാനത്തിലെ വനിതാപ്രാതിനിധ്യം" തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നടന്നു. മോൺ. ഫിലിപ്പ് ഞരളക്കാട്ട്, ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ഡൊമിനിക് വെച്ചൂർ, റോണി ജോർജ്, ഡോ. ജോസഫ് വെട്ടിക്കൽ, ഡോ. ആൻസി ജോസഫ്, പ്രഫ. ലീനാ ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജനപ്രതിനിധികളും പൊതുപ്രവർത്തകരും നേതൃത്വം വഹിച്ച പാനൽ സംവാദങ്ങളും ഗ്രൂപ്പ് ചർച്ചകളും അറിവും അനുഭവവും പകർന്നു.

സെമിനാറിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം മോൺ. ഫിലിപ്പ് ഞരളക്കാട്ട് നിർവ്വഹിച്ചു. തുടർപരിശീലനം ആവശ്യമാണെന്ന് സെമിനാറിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും അഭിപ്രായപ്പെട്ടു.

മോൺ. ഫിലിപ്പ് ഞരളക്കാട്ട്
വികാരി ജനറാൾ

## ഇടവകസഹായഫണ്ട് (N.C.F. Fund)

നമ്മുടെ രൂപതയിലെ ഇടവകസഹായഫണ്ടിൽ (Needy Church Fund) ഈ വർഷം സഹായം പ്രതീക്ഷിക്കുന്ന പള്ളികൾ ജൂലൈ 20-നകം കൺവീനർ N.C.F. കമ്മറ്റി, ബിഷപ്സ് ഹൗസ്, പാലാ, 686575 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.


## എസ്. എച്ച്. ലീഗ്
## ബുക്ക് ഫെസ്റ്റ് 2010

**ജൂൺ 21 മുതൽ ജൂലൈ 17 വരെ**

**പ്രവർത്തനസമയം 9 am മുതൽ 3.30 pm വരെ**

**സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി**

മംഗലപ്പുഴ, ആലുവ 683 102
ഫോൺ : 0484 - 2606745, 2606746
ഫാക്സ് : 0484 - 2604729,
ഇ-മെയിൽ : mshleague@gmail.com

വമ്പിച്ച ആദായവില്പന
10 % മുതൽ 50 % വരെ റിഡക്ഷൻ

- ഇന്ത്യയിലെ പ്രധാനക്രൈസ്തവപ്രസാധകരുടെ പുസ്തകങ്ങൾ
- ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

ക്രൈസ്തവ വിശ്വാസവും ധാർമ്മികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന പുസ്തകങ്ങളുടെ പ്രസാധനം വഴി കേരളീയ മനസ്സുകളിൽ സ്ഥാനം പിടിച്ച എസ്.എച്ച്. ലീഗിലേക്ക് ഏവർക്കും സ്വാഗതം.



# Good Shepherd Minor Seminary, Palai

## I Year (2010 - 2011)

| No. School | Name Parish | Name as in |
|---|---|---|
| 01. Attangattil Joseph | Jogimon James | Alphonsagiri |
| 02. Chenganamthundathil Luke | Jetto Joy | Sleevapuram |
| 03. Chooackal Joseph | Nithin Mathew | Kozhuvanal |
| 04. Choorakkatt George | George Cherian | Padua |
| 05. ElamthuruthyPuthenpurayil Paul | Paulson Mathews | Xavierpuram |
| 06. Kadaplackal Joseph | Jomon George | Vellikulam |
| 07. Kalapurackal Abraham | Ajish K.J. | Kanjirathanam |
| 08. Kaniparampil Mathew | Mathews K.S. | Chemmalamattam |
| 09. Kattipparampil Thomas | Thomas Thomas | Koodalloor |
| 10. Kochukaipettiyil James | Jithin James | Elanji |
| 11. Kollamalayil Joseph | Jaiwin James | Mannarappara |
| 12. Kolliyil Antony | Antu K. Sebastian | Edadu |
| 13. Kuzhivelithadathil Joseph | Joyal Sebastian | Anthinadu |
| 14. Moolechalil Thomas | Jimmy Jose | Vakakadu |
| 15. Mukalayil Mathew | Justin Mathew | Mangalagiri |
| 16. Nadackal Joseph | Jobin N.M. | Yendayar |
| 17. Njaralakkatt Antony | Tony Thomas | Yendayar |
| 18. Pallattukunnel Mathew | Mathew J. | Chemmalamattam |
| 19. Periappuram AdackamukkilAbraham | Justin P. Jose | Mulakulam |
| 20. Plathottam Mathew | Ronald Jayan | Malayinchipara |
| 21. Porkattil Joseph | Rojin Tom | Amparanirappel |
| 22. Puthenpurackal Mathews | Mathews Sebastian | Bharananganam |
| 23. Vadakkedath George | George Joseph | Maryland |
| 24. Vadayattukuzhy George | Albert Jomy | Elanji |
| 25. Vazheparampil Zacharia | Anoop Michael | Ullanad |
| 26. Vengathanam Joseph | Josemon Joy | Kizhaparayar |
| 27. Vettickakuzhiyil John | Johns Jose | Kadaplamattam |

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതനും പരിശുദ്ധാത്മാവും

(തിരുവചനഭാഗം: യോഹ 14:25-31)

അന്ത്യപ്രഭാഷണത്തിന്റെ മൂലരൂപത്തിൽ അവസാനഭാഗമായിട്ടാണ് ഈ തിരുവചനഭാഗം കാണുന്നത്: "എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നും പോകാം" (വാക്യം 31) എന്ന വാക്കുകൾ അന്ത്യപ്രഭാഷണം അവസാനിച്ചു എന്ന പ്രതീതിയാണ് ഉളവാക്കുന്നത്. ഈശോയുടെ വേർപാടിന്റെ സന്ദർഭത്തിലും വേർപാടിനുശേഷവും ശിഷ്യർ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ഇവിടെ ചർച്ചാവിഷയമാകുന്നത്. നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതർ അവിടുത്തെ പുരോഹിത ശൈലിയിലും ദൗത്യത്തിലും പങ്കുചേരേണ്ടതെങ്ങനെയെന്ന് ഈ ഭാഗം പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

**1. പുരോഹിതൻ: പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെടുന്നവൻ**

"എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (വാക്യം 26).

സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രധാനപ്പെട്ട പ്രവർത്തനം 'പഠിപ്പിക്കുക' എന്നതാണ്. 'പഠിപ്പിക്കുക' 'അനുസ്മരിപ്പിക്കുക' എന്ന രണ്ടു വാക്കുകളിലൂടെയാണ് പരിശുദ്ധാത്മാവിന്റെ പ്രബോധനപ്രക്രിയ ഇവിടെ അവതരിപ്പിക്കുന്നത്. പരസ്യവെളിപാട് ദൈവപുത്രനായ ഈശോയിൽ പൂർണ്ണതയിൽ എത്തിയെങ്കിലും ലോകാവസാനംവരെ നിലനിൽക്കേണ്ട സഭാജീവിതത്തിൽ കാലാനുസൃതമായ രീതിയിൽ ദൈവത്തിന്റെ ഈ വെളിപാട് അഥവാ ദൈവവചനം വ്യാഖ്യാനിക്കുവാനും മനസ്സിലാക്കുവാനും പരിശുദ്ധാത്മാവിന്റെ പ്രബോധനം ആവശ്യമാണ്. അതുപോലെതന്നെ, ഈശോയുടെ പ്രബോധനത്തിന്റെ

ശരിയായ അർത്ഥം ഗ്രഹിക്കുവാൻ അന്ന് ശ്ലീഹന്മാർക്കു കഴിഞ്ഞിരുന്നില്ല. അതിന് പരിശുദ്ധാത്മാവ് അവരേയും അവരുടെ പിൻതലമുറക്കാരായ സഭാംഗങ്ങളേയും സഹായിക്കും. മിശിഹായുടെ ഉത്ഥാനത്തിനു ശേഷമുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തെയാണ് 'അനുസ്മരിപ്പിക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉത്ഥാനാനന്തരമുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രബോധനപ്രക്രിയയെയാണ് ഇവിടെ ഈശോ വിവരിക്കുന്നത്.

പുരോഹിതന്റെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണവും വിശ്വാസപ്രബോധനവുമാണ്. സഭയിലെ ശ്ലൈഹികശുശ്രൂഷയിൽ പ്രഥമസ്ഥാനം വചനശുശ്രൂഷയ്ക്കാണ്. ആദിമസഭയിൽ സഭയുടെ സാമൂഹ്യപ്രതിബദ്ധത ചർച്ചക്ക് വിഷയമായപ്പോൾ ശ്ലീഹന്മാരും വിശ്വാസികളുടെ സമൂഹവും ഒന്നിച്ചുകൂടി എടുത്ത തീരുമാനം ഇതുതന്നെയാണ്: "ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" (ശ്ലീഹ. നട 6:4). ശരിയായ രീതിയിൽ സഭയിൽ പ്രബോധനശുശ്രൂഷ നിർവ്വഹിക്കണമെങ്കിൽ പ്രബോധകനായ പരിശുദ്ധാത്മാവിന് പുരോഹിതൻ ശിഷ്യപ്പെടണം. ദൈവവചനം പ്രാർത്ഥനാപൂർവ്വം പഠിക്കുകയും ധ്യാനിക്കുകയും ചെയ്ത് പരിശുദ്ധാത്മാവിന്റെ പ്രബോധനപ്രവർത്തനത്തോട് നിരന്തരമായി സഹകരിച്ചെങ്കിൽമാത്രമേ പുരോഹിതന് തന്റെ പ്രബോധനദൗത്യം വേണ്ടവിധം നിർവ്വഹിക്കാനാവൂ.

**2. പുരോഹിതൻ: സമാധാനം നൽകുന്നവൻ**

"ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നൽകുന്നത്" (വാക്യം 27).

സമാധാനം നൽകുന്നവനായിട്ടാണ് ഈശോ ലോകത്തിലേക്കു കടന്നുവന്നത്. മിശിഹായുടെ ജനനസന്ദർഭത്തിൽ സ്വർഗ്ഗീയദൂതഗണം ആലപിച്ച ഗാനത്തിൽ മനുഷ്യകുലത്തിന് സമാധാനവും പ്രത്യാശയും നൽകുന്നവനായിട്ടാണ് അവിടുത്തെ അവതരിപ്പിക്കുന്നത് (ലൂക്കാ 2:14). ഉത്ഥിതനായ മിശിഹായുടെ സമ്മാനം സമാധാനമാണ് (യോഹ 20:19, 21). ഈ സമാധാനം മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിന്റെ ആത്യന്തികഫലമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം സാദ്ധ്യമാക്കിത്തീർത്ത മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിലൂടെയാണ് ഈ സമാധാനം മനുഷ്യർക്ക് കൈവന്നത്. പാപമോചനമാണ് അനുരഞ്ജനത്തിന്റേയും സമാധാനത്തിന്റേയും അടിസ്ഥാ

നം. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണല്ലോ ഈശോമിശിഹാ (യോഹ1:29). അതുകൊണ്ട് തന്റെ വിടവാങ്ങൽ നിമിഷങ്ങളിൽ, തന്റെ ശിഷ്യർക്കു നൽകുവാൻ തനിക്കുള്ളത് 'സമാധാനമാണെ'ന്ന് ഈശോ വ്യക്തമാക്കുന്നു.

പുരോഹിതൻ മിശിഹായുടെ ഈ സമാധാനം ലോകത്തിനു നൽകുന്നവനാണ്; അങ്ങനെ ആയിരിക്കണം. ഉത്ഥാനത്തിനുശേഷം തന്റെ പൗരോഹിത്യശുശ്രൂഷയിൽ ശ്ലീഹന്മാരെ പങ്കുചേർത്തുകൊണ്ട് അവരെ പറഞ്ഞുവിടുന്ന സന്ദർഭത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. ആദ്യമായി അവർക്ക് സമാധാനം ആശംസിക്കുന്നു. അതേത്തുടർന്ന് സമാധാനം മനുഷ്യർക്കു നൽകുന്ന തന്റെ ദൗത്യം ശ്ലീഹന്മാരെ ഏൽപ്പിക്കുന്നു: "നിങ്ങൾക്കു സമാധാനം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21). പിന്നീട് ഈ ദൗത്യനിർവ്വഹണത്തിനാവശ്യമായ പുരോഹിതാരൂപിയെ അവർക്കു നൽകുന്നു: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:22-23). ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായ ഈശോ തന്റെ അരൂപിയെ അവരുമായി പങ്കുവച്ചുകൊണ്ട് തന്റെ പാപമോചകദൗത്യവും സമാധാനദായകദൗത്യവും അവർക്കു കൈമാറുകയാണ്. "സമാധാനം നിങ്ങളോടുകൂടെ" എന്ന കുർബ്ബാനയിലെ ആശംസ ഈ പുരോഹിതദൗത്യത്തെ അനുസ്മരിപ്പിക്കുന്നു. അതുകൊണ്ട് പുരോഹിതൻ ഈ സമാധാനം അനുഭവിക്കുന്നവനും തന്റെ ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെടുന്നവർക്ക് അത് നൽകുന്നവനുമായിരിക്കണം.

**3. പുരോഹിതൻ: ദൈവഹിതനിർവ്വഹണത്തിൽ സന്തോഷിക്കുന്നവൻ**

"നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ പിതാവിന്റെ അടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ പിതാവ് എന്നേക്കാൾ വലിയവനാണ്" (വാക്യം 28).

തന്റെ വേർപാടിൽ ദുഃഖിതരും അസ്വസ്ഥരുമായ ശിഷ്യരോടാണ് ഈശോ ഈ വാക്കുകൾ അരുളിച്ചെയ്തത്. ഈശോയോടുള്ള അവരുടെ മാനുഷികമായ അടുപ്പവും സ്നേഹവുമാണ് വേർപാടിന്റെ

വേദന അവരിൽ ഉളവാക്കിയത്. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട" എന്ന് അവിടുന്ന് ആവർത്തിച്ചു പറയുന്നു (യോഹ 14:1, 27). മാനുഷികമായ ഈ ദുഃഖവും അസ്വസ്ഥതയും മറികടന്ന് സന്തോഷിക്കുവാൻ അവർക്കു കഴിയണമെന്ന് ഈശോ അവരെ ഓർമ്മിപ്പിക്കുകയാണ്. ഈശോയുടെ വേർപാടിലൂടെ ദൈവത്തിന്റെ രക്ഷാകരഹിതം പൂർത്തിയാകുന്നു എന്നതാണ് ഈ സന്തോഷത്തിനടിസ്ഥാനം. ഈശോയുടെ സഹനവും പീഡാനുഭവവും മരണവുമെല്ലാം മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ് എന്ന് അവർ മനസ്സിലാക്കണം. അത് ആത്യന്തികമായി മഹത്വത്തിന് കാരണമാകും എന്ന വസ്തുതയും ഈശോ സൂചിപ്പിക്കുന്നുണ്ട്: "ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടല്ലോ" (വാക്യം 28). അതുകൊണ്ട് ഈശോയുടെ വേർപാട് മാനുഷികമായി ദുഃഖമുളവാക്കുന്നതാണെങ്കിലും, ആത്യന്തികമായി സന്തോഷം ഉളവാക്കുന്നതാവണം. മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായി ഇതിനെ കണ്ടുകൊണ്ട് അവർക്കു സന്തോഷിക്കുവാൻ കഴിയണം.

സഹനം മനുഷ്യജീവിതത്തിൽ സഹജമാണ്. ഇത് പലപ്പോഴും മനുഷ്യർക്ക് ദുഃഖത്തിനും അസ്വസ്ഥതക്കും കാരണമായിത്തീരുന്നു. എന്നാൽ അവയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാനും നേരിടുവാനും സാധിച്ചാൽ ആ ദുഃഖം സന്തോഷമായി മാറും, മാറണം എന്ന് ഈശോ ഇവിടെ സൂചിപ്പിക്കുകയാണ്. പുരോഹിതൻ, മനുഷ്യനെന്ന നിലയിൽ സഹനത്തിലൂടെ കടന്നു പോകുന്നവനും സഹനത്തിലൂടെ കടന്നു പോകുന്നവരുടെ മധ്യേ ജീവിക്കുവന്നനുമാണ്. സഹനത്തെപ്പറ്റിയുള്ള ശരിയായ വീക്ഷണം, വിശ്വാസത്തിൽനിന്നുളവാകുന്ന വീക്ഷണം, പുരോഹിതനുണ്ടാവണം. സഹനം ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കപ്പെടുന്നതിന്റെ ഭാഗമാണെന്നും അത് ആത്യന്തികമായി നമ്മുടെ മഹത്വത്തിന് കാരണമാകുമെന്നുമുള്ള വിശ്വാസം അതിനെ സന്തോഷത്തോടെ നേരിടുവാൻ നമ്മെ സഹായിക്കും. അതോടൊപ്പം സഹനത്തിലൂടെ കടന്നു പോകുന്നവരെ വിശ്വാസത്തിൽ ബലപ്പെടുത്തി സഹനങ്ങളെ സന്തോഷത്തോടെ നേരിടുവാൻ അവരെ പരിശീലിപ്പിക്കുവാനും പുരോഹിതർക്കു കടമയുണ്ട്.

**4. പുരോഹിതൻ: തിന്മയുടെ ശക്തിയെ ജയിക്കുന്നവൻ**

“നിങ്ങളോട് ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം, ഈ ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും എന്റെമേൽ അവന് അധികാരമില്ല” (വാക്യം 30).

ഈശോ തന്റെ മരണത്തെക്കുറിച്ച് വ്യക്തമായി പറയുകയാണ്. അവിടുത്തെ മരണം ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണെങ്കിലും അത് തിന്മയുടെ ശക്തിയുടെ താൽക്കാലിക വിജയമാണ്. ഈശോയുടെ പീഡാനുഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച യൂദാസിന്റെ ഒറ്റിക്കൊടുക്കൽ, യഹൂദപ്രമാണികളാലുള്ള ബന്ധിക്കപ്പെടൽ, യഹൂദപുരോഹിതരുടെ കള്ളസാക്ഷ്യം, പീലാത്തോസിന്റെ വിധിപ്രസ്താവന, പടയാളികളാലുള്ള ക്രൂശിക്കപ്പെടൽ തുടങ്ങിയവയെല്ലാം തിന്മയുടെ ശക്തിയുടെ പ്രവർത്തനങ്ങളാണ്. ‘ഈ ലോകത്തിന്റെ അധികാരി’ എന്നിവിടെ വിശേഷിപ്പിക്കപ്പെടുന്നത് തിന്മയുടെ ശക്തി തന്നെയാണ്. ഒരുവിധത്തിൽ പറഞ്ഞാൽ, ഈശോയുടെ പീഡാനുഭവം ഈ ലോകത്തിന്റെ അധികാരിയുടെ ആധിപത്യത്തിന്റെ പ്രകാശനമാണ്. എന്നാൽ ഈശോയുടെ ഉത്ഥാനം ഈ ലോകത്തിന്റെ അധികാരിക്ക് അവിടുത്തെമേൽ യഥാർത്ഥ അധികാരമില്ല എന്നതിനു തെളിവാണ്. പാപത്തേയും മരണത്തേയും അവയുടെ പിന്നിൽ പ്രവർത്തിച്ച തിന്മയുടെ ശക്തിയേയും അതിജീവിച്ചവനാണ് ഈശോ.

പുരോഹിതന്റെ ജീവിതത്തിലും ശുശ്രൂഷാതലങ്ങളിലും തിന്മയുടെ ശക്തികളുമായി ഏറ്റുമുട്ടലുകളുണ്ടാകാം. വിശുദ്ധ ജോൺ മരിയ വിയാനിയുടെ ജീവിതത്തിൽ പൈശാചികശക്തിയുടെ ആക്രമണങ്ങൾ അനുഭവപ്പെട്ടതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ തിന്മയുടെ ശക്തികൾക്കെതിരായുള്ള സമരം സഭാജീവിതത്തിന്റെതന്നെ ഒരു നിരന്തര പ്രതിഭാസമായിരുന്നു എന്നു കാണാം. എന്നാൽ ദൈവത്തിന്റെ സഭയ്ക്കെതിരായി നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്ന മിശിഹായുടെ പ്രഖ്യാപനം (മത്താ 16:18) ഇന്നും സഭയിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തങ്ങളുടെ ജീവിതത്തിൽ വ്യക്തിപരമായും അജപാലനപരമായും തിന്മയുടെ ശക്തികളുമായി ഏറ്റുമുട്ടലുകളുണ്ടാകുമ്പോൾ ധൈര്യപൂർവ്വം ചെറുത്തുനിൽക്കുവാനും വിജയം വരിക്കുവാനും പുരോഹിതനു കഴിയണം. ഇത് സാദ്ധ്യമാകണമെങ്കിൽ ഉത്ഥിതനായ മിശിഹായിലുള്ള സഭയുടെ വിശ്വാസം പുരോഹിതൻ ആഴത്തിൽ ജീവിക്ക

ണം. വി. യോഹന്നാന്റെ ഒന്നാം ലേഖനം ഇത് സൂചിപ്പിക്കുന്നുണ്ട്: "ലോകത്തിന്മേലുള്ള വിജയം ഇതാണ്, നമ്മുടെ വിശ്വാസം. ഈശോ ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ലോകത്തെ ജയിക്കുന്നത്" (5:4-5).

**5. പുരോഹിതൻ: സ്നേഹത്തോടെ അനുസരിക്കുന്നവൻ**

"എന്നാൽ, ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു കൽപ്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം അറിയണം" (വാക്യം 31).

ഈശോയുടെ മരണം ഒരു വെളിപ്പെടുത്തലായിരുന്നു. പിതാവിനോടുള്ള അവിടുത്തെ സ്നേഹത്തിന്റേയും, സ്നേഹത്തിൽനിന്നും ഉരുത്തിരിയുന്ന അനുസരണയുടെയും വെളിപ്പെടുത്തൽ. ഈ വെളിപ്പെടുത്തലാണ് ലോകത്തിന്റെ രക്ഷയ്ക്ക് നിദാനമായത്. പാപത്തിന്റെ പിടിയിലമർന്നിരുന്ന മനുഷ്യകുലത്തിന് രക്ഷയുടെ മാർഗ്ഗം തെളിച്ചത് ഈ വെളിപ്പെടുത്തലാണ്. മനുഷ്യരക്ഷയ്ക്കായി മിശിഹാ അർപ്പിച്ച ബലി, ദൈവത്തിനു സ്വീകാര്യമായ ബലി, ദൈവസ്നേഹത്തിൽനിന്നും ഉരുത്തിരിഞ്ഞ അവിടുത്തെ അനുസരണാജീവിതമായിരുന്നല്ലോ: "ഇതിനാൽ അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു. ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10:5-7). "ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു" എന്ന ഈശോയുടെ വാക്കുകളിൽ കേന്ദ്രീകൃതമായ ബലിയർപ്പണത്തിൽ പ്രതിധ്വനിക്കുന്നത് സ്നേഹത്തിലധിഷ്ഠിതമായ അവിടുത്തെ അനുസരണാജീവിതമാണ്. സീറോ മലബാർ കുർബാനക്രമത്തിൽ, സ്ഥാപനവാക്യങ്ങൾക്കു തൊട്ടുമുമ്പുള്ള ഗ്ഹാന്താ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നതും ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ ഈശോയുടെ അനുസരണാജീവിതത്തെ അവതരിപ്പിക്കുന്ന പൗലോസ്ശ്ലീഹായുടെ വാക്കുകളാണല്ലോ (2:5-7).

പുരോഹിതജീവിതത്തിന്റെ അവശ്യസ്വഭാവമാണ് സ്നേഹത്തിലധിഷ്ഠിതമായ അനുസരണം. പുരോഹിതാഭിഷേകക്രമത്തിന്

തുടക്കംകുറിക്കുന്നത് സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടും സഭയുടെ ഹയരാർക്കിയോടുള്ള അനുസരണം പ്രഖ്യാപിച്ചുകൊണ്ടുമാണ്. ദൈവത്തിന്റെ സഭയിൽ പുരോഹിതശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്നവർ ദൈവത്തോടുള്ള അവരുടെ സ്നേഹവും അനുസരണയും ഇതിലൂടെ പ്രകടമാക്കുകയാണ്. നിത്യപുരോഹിതനായ മിശിഹായുടെ ജീവിതത്തിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹത്തിലധിഷ്ഠിതമായ അനുസരണം ഓരോ പുരോഹിതനിലൂടെയും സഭയിൽ തുടരുന്നു എന്ന് ഇത് ഓർമ്മിപ്പിക്കുന്നു. എന്നാൽ സ്നേഹത്തിലധിഷ്ഠിതമായ ഈ അനുസരണം ഒരു പരസ്യപ്രഖ്യാപനത്തിൽ ഒതുങ്ങി നിൽക്കാതെ പുരോഹിതന്റെ അനുദിനജീവിതത്തിൽ പ്രാവർത്തികമാകണം. ഇത് ഈശോയിലെന്നപോലെ ത്യാഗപൂർണ്ണമായ ഒരു സ്വയംശൂന്യമാക്കലിലൂടെയേ സാദ്ധ്യമാകുകയുള്ളു (ഫിലി 2:7-8). ദൈവത്തിന്റെ പദ്ധതിയിൽ തനിക്കായി ക്രമീകരിക്കപ്പെടുന്ന എല്ലാ ജീവിതാനുഭവങ്ങളിലും ദൈവഹിതം ദർശിച്ച് സ്നേഹത്തോടെ അവയെ സ്വീകരിക്കുന്ന ഒരു പുരോഹിതനു മാത്രമേ സ്നേഹത്തിലധിഷ്ഠിതമായ ഈ അനുസരണം പ്രാവർത്തികമാക്കാൻ കഴിയൂ.

**ജീവിതസൂചിക**

1. എന്റെ അജപാലന ശുശ്രൂഷാതലത്തിൽ പരിശുദ്ധാത്മാവിനാൽ പഠിപ്പിക്കപ്പെട്ട പ്രബോധനദൗത്യം നിർവ്വഹിക്കുവാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നു?
2. സമാധാനദായകമായ മിശിഹായുടെ പൗരോഹിത്യശുശ്രൂഷ ഞാൻ എങ്ങനെ നിർവ്വഹിക്കുന്നു?
3. ജീവിതത്തിൽ ദൈവഹിതം കണ്ടെടുക്കുവാനും അത് പ്രാവർത്തികമാക്കുന്നതിൽ സന്തോഷിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
4. എന്റെ അജപാലനശുശ്രൂഷാവേദികളിൽ തിന്മയുടെ ശക്തിയുമായി മല്ലിടേണ്ടി വരുന്ന സന്ദർഭങ്ങൾ ഏവ? അവയെ അതിജീവിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. മിശിഹായിൽ കാണുന്ന സ്നേഹത്തിലധിഷ്ഠിതമായ അനുസരണം എന്റെ ജീവിതത്തിൽ ഞാൻ എങ്ങനെ പ്രാവർത്തികമാക്കുന്നു?



# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### 1. ദുക്റാനത്തിരുനാൾ

ജൂലൈ 3-ാം തീയതി ദുക്റാനതിരുനാൾ ഭംഗിയായി ആചരിക്കുമല്ലോ. പ്രത്യേകസമ്മേളനം ചേരുകയും 5-ാം ക്ലാസ്സിലെ കുട്ടികളുടെ അംഗത്വസ്വീകരണം നടത്തിയില്ലെങ്കിൽ അന്നേദിവസം നടത്തുകയും ചെയ്യുക. സൺഡേ സ്കൂൾ വാർഷികം നടത്തേണ്ട അവസാനതീയതിയും അന്നാണ്.

### 2. പ്രവർത്തനറിപ്പോർട്ട്

വിശ്വാസപരിശീലന പ്രവർത്തനറിപ്പോർട്ടും മിഷൻലീഗിന്റെ റിപ്പോർട്ടും തന്നിരിക്കുന്ന നിശ്ചിതഫോറം പൂരിപ്പിച്ച് 5-ാം തീയതി ഓഫീസിൽ ഏൽപിക്കുവാൻ മറക്കരുത്.

### 3. സി.റ്റി.പി.

കാറ്റിക്കിസം ട്രെയിനിംഗ് പ്രോഗ്രാമിന്റെ പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഇപ്പോൾ നിലവിലുള്ള ബാച്ചിനോടു ചേർന്ന് തുടർന്നുള്ള ക്ലാസ്സുകളിൽ പുതിയ ബാച്ചിനെ കൂടി പങ്കെടുപ്പിക്കുന്നു. ഉടനെ നിശ്ചിതഫോറത്തിൽ പേര് രജിസ്റ്റർ ചെയ്യുക. ക്ലാസ്സുകൾ താഴെപ്പറയുന്ന വിധമായിരിക്കും.

ആഗസ്റ്റ് 24, 25 - എം.ടി.സി; സെപ്റ്റംബർ 1, 10 - സഭാശാസ്ത്രം; സെപ്റ്റംബർ 21, ഒക്ടോബർ 2 - കൂദാശകൾ; ഒക്ടോബർ 16, നവംബർ 5 - മോറൽ തിയോളജി; നവംബർ 17, ഡിസംബർ 16 - തിരുസ്സഭാശാസ്ത്രം.

എം.ടി.സി. യിൽ പൂർണ്ണമായും പങ്കെടുക്കേണ്ടത് കോഴ്സിന്റെ പൂർത്തീകരണത്തിന് അനിവാര്യമാണ്.

### 4. ചെറുപുഷ്പമിഷൻലീഗ് പ്രവർത്തനോദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പമിഷൻലീഗിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം 2010 ജൂൺ 12-ാം തീയതി ശനിയാഴ്ച ഭരണങ്ങാനത്തുവച്ച് നടത്തപ്പെട്ടു. എല്ലാ ഇടവകകളിൽനിന്നുമുള്ള വൈസ്ഡയറക്ടർമാരും രൂപതാ ഭാരവാഹികളും പങ്കെടുത്ത യോഗത്തിൽ രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് ചൂരക്കാട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മിഷൻലീഗിന്റെ പ്രവർത്തനം ഇന്നിന്റെ ആവശ്യമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു.

### 5. രൂപതാ മാനേജിംഗ് കമ്മിറ്റി

രൂപതാ മാനേജിംഗ് കമ്മറ്റിയിൽ വച്ച് പ്രവർത്തനമാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ശാഖകളിലേക്ക് കൊടുത്തയയ്ക്കുകയും ചെയ്തു. മാർഗ്ഗരേഖയനുസരിച്ച്

യഥാസമയം എല്ലാക്കാര്യങ്ങളും ബന്ധപ്പെട്ടവർ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### 6. കുഞ്ഞേട്ടൻ എൻഡോവ്മെന്റ്

ദിവംഗതനായ ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ സ്മരണ നില നിർത്താൻ മിഷൻലീഗ് ഒരു എൻഡോവ്മെന്റ് സ്ഥാപിക്കാൻ പദ്ധതിയിട്ടു. ഏറ്റം നല്ല ഒരു അത്മായപ്രേഷിതനും ഓരോ രൂപതയിലും ഏറ്റം നല്ല മാർക്കുവാങ്ങി എസ്. എസ്.എൽ.സി. ജയിക്കുന്ന മിഷൻലീഗ് അംഗത്തിനും പുരസ്കാരം നൽകും. രൂപ തയിലെ താൽപര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമായി രണ്ടു ലക്ഷം രൂപാ സമാഹരിക്കുവാനുള്ള ശ്രമത്തിൽ മിഷൻലീഗ് ഭാരവാഹികൾ ഏർപ്പെ ട്ടിരിക്കുകയാണ്; സഹകരണം പ്രതീക്ഷിക്കുന്നു.

### 7. പ്രസിഡന്റുമാരുടെ മീറ്റിംഗ്

ജൂലൈ 4 ഞായറാഴ്ച 9.30 മുതൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് രൂപത യിലെ എല്ലാ ശാഖാപ്രസിഡന്റുമാരുടെയും ഒരു യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതുമാണ്. എല്ലാ പ്രസി ഡന്റുമാരും പങ്കെടുക്കാൻ ശ്രദ്ധിക്കുക.

### 8. അൽഫോൻസാ തീർത്ഥാടനം

വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തുങ്കലേക്ക് മിഷൻലീഗ് അംഗങ്ങൾ എല്ലാവരും എത്തിച്ചേരുന്ന അൽഫോൻസാ തീർത്ഥാടനം ഈ വർഷം ജൂലൈ 18 ഞായറാഴ്ചയാണ്. തീർത്ഥാടനത്തിനുവേണ്ടി മുൻകൂട്ടി പ്രാർത്ഥിച്ച് ഒരുങ്ങുവാൻ ശ്രദ്ധിക്കുമല്ലോ. ബഹു. ഫൊറോനാ ഡയറക്ടറച്ചന്മാരുടെ അഭിപ്രായമനുസരിച്ച് തീർത്ഥാടനത്തിന്റെ ദൈർഘ്യം പകുതിയായി കുറച്ചിട്ടുണ്ട്. അതിനാൽ ഇടപ്പാടി കുരിശുപള്ളി, കീഴമ്പാറ എന്നീ ജംഗ്ഷനുകളിൽനിന്ന് ആരംഭിച്ച് പ്രാർത്ഥനാപൂർവ്വം അൽഫോൻസാമ്മയുടെ കബറിടത്തിലേക്ക് തീർത്ഥാടകർ നീങ്ങുകയാണ്. തീർത്ഥാ ടകർ എത്തേണ്ട സമയം ഫൊറോനാക്രമത്തിൽ താഴെ ചേർക്കുന്നു.

| ഇടപ്പാടി | | കീഴമ്പാറ | |
|---|---|---|---|
| പാലാ | 12.00 | ഭരണങ്ങാനം | 12.00 |
| ഇലഞ്ഞി | 12.15 | തുടങ്ങനാട് | 12.20 |
| രാമപുരം | 12.30 | മൂലമറ്റം | 12.45 |
| ചേർപ്പുങ്കൽ | 12.45 | തീക്കോയി | 1.00 |
| കോതനല്ലൂർ | 1.00 | പൂഞ്ഞാർ | 1.30 |
| മുട്ടുചിറ | 1.30 | അരുവിത്തുറ | 2.00 |
| കുറവിലങ്ങാട് | 2.00 | | |

### 9. തിരുബാലസഖ്യം

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ 20-ാം തീയതി ആനിമേറ്റർമാരുടെ സമ്മേളനത്തോടെ സമാരംഭിച്ചു. ഈ വർഷം 2, 3, 4 ക്ലാസ്സുക ളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും ഈ ഭക്തസംഘടനയിൽ അംഗങ്ങളാക്കുവാൻ തീരുമാനമെടുത്തു. കുട്ടികൾക്കുള്ള ആദ്യത്തെ പ്രാർത്ഥനാകാർഡുകൾ വിതരണം



ചെയ്തു. ആൽബം രചനാമത്സരത്തിൽ പങ്കെടുത്ത 860 കുട്ടികൾക്കുള്ള സമ്മാനങ്ങൾ നൽകി. മുഖ്യസമ്മാനങ്ങൾ താഴെപ്പറയുന്ന കുട്ടികൾക്കാണു ലഭിച്ചത്. അവ ആഗസ്റ്റ് 15-ന് ഉച്ചകഴിഞ്ഞ് 2.30 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ പിതാവിൽ നിന്ന് ഏറ്റുവാങ്ങുമല്ലോ.

I റോണിറ്റ് ജിജി, പറമുണ്ടയിൽ, മണ്ണക്കനാട്, നമ്പർ 184

II ജൂലിയാനാ പ്രമോദ് കാനാട്ട്, മുണ്ടാങ്കൽ, നമ്പർ 4452

III ആർദ്ര അൽഫോൻസ് റജി, മുളയ്ക്കൽ, മുണ്ടാങ്കൽ, നമ്പർ 4454

IV അർച്ചന ബിജു, കൂന്താനംപറമ്പിൽ, കരൂർ, നമ്പർ, 3440

V ഫ്ളാവിയസ് ടോം, മങ്ങാട്ട്, സിബിഗിരി, നമ്പർ 1019

പുതുതായി സംഘടനയിൽ ചേരുന്നവർക്ക് രജിസ്റ്റർ നമ്പർ, ഐഡന്റിറ്റി കാർഡ് എന്നിവ ലഭിക്കും. അംഗത്വഫീസ് 5 രൂപാ ഓഫീസിൽ അടയ്ക്കുക.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# സുവിശേഷവത്കരണം

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ജൂൺമാസം 4, 11, 18, 25 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാൻജലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി.

**2. കുടുംബകൂട്ടായ്മാ റിസോഴ്സ് ടീം**

ജൂൺ മാസം 1-ാം തീയതി കുടുംബകൂട്ടായ്മാ റിസോഴ്സ് ടീം ഷലോമിൽ ഒന്നിച്ചുകൂടി മേയ്മാസം 14-ാം തീയതി നടത്തിയ രൂപതാ സംഗമത്തെപ്പറ്റി വിലയിരുത്തുകയും പുതിയ ഡയറക്ടർ ജോസഫ് ശ്രാമ്പിക്കലച്ചൻ രൂപതാ സംഗമത്തിന് ഏറ്റവും കുറവു വന്ന ഫൊറോനാകളിലെ പള്ളികളിൽ പോകുവാനും അവിടെ കുടുംബകൂട്ടായ്മകൾ സജീവമല്ലെങ്കിൽ അത് ആദ്യമേ സജീവമാക്കുവാനുമുള്ള പരിപാടികൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇ.എം. ദേവസ്യാ, തോമ്മാച്ചൻ വടക്കേൽ, ജോസഫ് കുരിശുങ്കൽ പറമ്പിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**3. ഇവാൻജലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന ഇവാൻജലൈസേഷൻ മിനിസ്ട്രികളായ കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ഗുഡ്സമരിറ്റൻ, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ജൂൺമാസം 19-ാം തീയതി കോട്ടയം നവജീവനിൽ പോയി രാവിലെ 8.40 മുതൽ 12.30 വരെ വിവിധ തരം ശുശ്രൂഷകൾ നടത്തി. ഉച്ചകഴിഞ്ഞ് ബഹു. ജോർജ് വെട്ടുകല്ലേലച്ചൻ കുർബാന അർപ്പിക്കുകയും നവജീവൻ ട്രസ്റ്റ് മാനേജർ പി. യു. തോമസ് വചനം പ്രസംഗിക്കുകയും ചെയ്തു. ടി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**4. ജയിൽ മിനിസ്ട്രി**

ഇവാൻജലൈസേഷൻ മിനിസ്ട്രിയുടെ ഭാഗമായ ജയിൽ മിനിസ്ട്രി അംഗങ്ങൾ, പാലാ അഡാർട്ടുമായി ചേർന്ന് ജൂൺമാസം 20-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പാലാ സബ്ജയിൽ സന്ദർശിച്ചു പ്രാർത്ഥിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വചനം പങ്കുവച്ചു. ജോജോ വയലിൽകളപ്പുര കീർത്തനങ്ങൾ ആലപിക്കുകയുണ്ടായി. തങ്കച്ചൻ ശ്രാമ്പിക്കൽ, സിസ്റ്റർ ലിസി റോസ് എസ്.എ.ബി.എസ്., സാലി മേത്താനത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ജോസഫ് ശ്രാമ്പിക്കൽ (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

*വിശ്വാസം, പഠനം, സേവനം*

### 1. സംസ്ഥാനതല ആനിമേറ്റേഴ്സ് സംഗമം

കെ.സി.എസ്.എൽ. സംസ്ഥാനതല ആനിമേറ്റേഴ്സ് സംഗമം ജൂൺ 11, 12 തീയതികളിലായി എറണാകുളം പി.ഒ.സി. യിൽ വച്ചു നടന്നു. ഈ വർഷത്തെ പഠനക്കളരിക്കുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത് 'കുട്ടികളും ആരോഗ്യവും' എന്ന പുസ്തകമാണ്. ആനിമേറ്റേഴ്സ് മീറ്റിംഗിൽ പാലാ രൂപതയിൽ നിന്ന് ഡയറക്ടറച്ചനും അഞ്ച് ആനിമേറ്റേഴ്സും പങ്കെടുത്തു.

### 2. രൂപതാതല ആനിമേറ്റേഴ്സ് സംഗമം

രൂപതാതല ആനിമേറ്റേഴ്സ് സംഗമം ജൂൺ 19-ാം തീയതി ശനിയാഴ്ച അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. സമ്മേളനത്തിൽ രൂപതാ പ്രസ്ബിറ്ററൽ സെക്രട്ടറി വെരി റവ. ഫാ. അലക്സാണ്ടർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. 'ഒരു ആനിമേറ്റർ എങ്ങനെ ആയിരിക്കണം' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ ക്ലാസ്സുകൾ നയിച്ചു. സമ്മേളനത്തിൽ വിവിധ സ്കൂളുകളിൽനിന്നുമായി 130 ആനിമേറ്റേഴ്സ് പങ്കെടുത്തു. ഡയറക്ടറച്ചനും മറ്റ് ഭാരവാഹികളും സമ്മേളനത്തിന് നേതൃത്വം നൽകി.

### 3. എക്സിക്യൂട്ടീവ് 2010 – 2011

രൂപതാതല ആനിമേറ്റേഴ്സ് മീറ്റിംഗിൽ അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള എക്സിക്യൂട്ടീവ് മെംബേഴ്സിന്റെ തിരഞ്ഞെടുപ്പ് നടത്തി.

### 4. കളരി ഒന്നാം ലക്കം വിതരണം, പ്രവർത്തനഫണ്ട് സമാഹരണം, പദ്ധതി കാർഡ് വിതരണം

2010 – 2011 പ്രവർത്തനഫണ്ട് സമാഹരണപദ്ധതിയുടെ കാർഡും കളരി ഒന്നാം ലക്കം വിതരണവും സ്കൂളുകളിൽ നടത്തി.

**ഫാ. ജോസഫ് അരിമറ്റം (ഡയറക്ടർ)**

# കെ.സി.വൈ.എം.

**1. ഹരിതോത്സവ് 2010**

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് "ഹരിതോത്സവ് 2010" എന്ന പേരിൽ പാലാ രൂപതയിലെ എല്ലാ ഭവനങ്ങളിലും "ഒരു വീടിന് ഒരു മരം" എന്ന പദ്ധതിയിലൂടെ വൃക്ഷത്തൈകൾ നട്ടു. ഈ പദ്ധതിയുടെ ഔദ്യോഗികഉദ്ഘാടനം ജൂൺ 6-ാം തീയതി അരുവിത്തുറ ഫൊറോനാപള്ളി അങ്കണത്തിൽ ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മഹനീയ സാന്നിധ്യത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വൃക്ഷത്തൈ നട്ട് നിർവ്വഹിച്ചു. തൈ വിതരണത്തിന്റെ ഉദ്ഘാടനം പി.സി. ജോർജ് എം.എൽ.എ. നിർവ്വഹിച്ചു.

**2. വൈദികമന്ദിരസന്ദർശനം**

വൈദികവർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം. പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ വൈ.എ.റ്റി.പി. 18-ാമത് ബാച്ച് മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. പ്രീസ്റ്റ് ഹോമിലെ വൈദികർക്ക് ഒപ്പം ചെലവഴിട്ട നിമിഷങ്ങൾ കെ.സി.വൈ.എമ്മിലെ ഓരോ അംഗത്തിനും ഒരു നവ്യാനുഭവമായി മാറി.

**3. തീർത്ഥം 2010**

കെ.സി.വൈ.എം. കുറവിലങ്ങാട് മേഖലാസമിതി വൈദികവർഷാചരണത്തിന്റെ ഭാഗമായി തീർത്ഥം 2010 എന്ന പേരിൽ "വൈദികവർഷം" എന്ന വിഷയത്തെ ആസ്പദമാക്കി വാൾപോസ്റ്റർ മത്സരവും സി.ഡി. പ്രദർശനവും വൈദികജീവിതസാക്ഷ്യവും മരങ്ങാട്ടുപിള്ളി യൂണിറ്റിൽ വച്ച് സംഘടിപ്പിച്ചു.

**4. പരിസ്ഥിതി ദിനാചരണം**

പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. കുറവിലങ്ങാട് മേഖല വൃക്ഷത്തൈ വിതരണവും നടീലും കുറവിലങ്ങാട് യൂണിറ്റിൽ സംഘടിപ്പിച്ചു.

**5. സൗജന്യരക്തഗ്രൂപ്പ് നിർണ്ണയവും രക്തദാനസേനാരൂപീകരണവും**

കെ.സി.വൈ.എം. കുറവിലങ്ങാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യരക്തഗ്രൂപ്പ് നിർണ്ണയവും സൗഹൃദരക്തദാനസേനാ രൂപീകരണവും സംഘടിപ്പിച്ചു.

**6. ഡയറക്ടേഴ്സ് മീറ്റ്**

ഹരിതോത്സവം 2010 ന്റെ ഭാഗമായി മേഖലാ ഡയറക്ടേഴ്സിന്റെ മീറ്റ് സംഘടിപ്പിച്ചു.

**7. മേഖലാപ്രസിഡന്റ് സംഗമം**

ഹരിതോത്സവം 2010 ന്റെ ഭാഗമായി മേഖലപ്രസിഡന്റുമാരുടെ സംഗമം സംഘടിപ്പിച്ചു.

**8. അർദ്ധവാർഷികകൗൺസിൽ**

കെ.സിവൈ.എം. പാലാ രൂപതയുടെ അർദ്ധവാർഷിക കൗൺസിൽ ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു.

**9. യുവജനദിനഘോഷവും "നിറവ് 2010" മേഖലാ കൺവെൻഷനും**

കെ.സി.വൈ.എം. പാലാ രൂപതയിലെ എല്ലാ മേഖലകളിലും യുവജനദിനാഘോഷം ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു. അതിനോടനുബന്ധിച്ച് 'നിറവ് 2010' മേഖലാ കൺവൻഷൻ സംഘടിപ്പിക്കുന്നു.

**10. യുവശബ്ദം**

കെ.സി.വൈ.എം. വാർത്താപത്രിക 'യുവശബ്ദം' ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

**11. അഭിനന്ദനങ്ങൾ**

കെ.സിവൈ.എം. പാലാ രൂപതയുടെ ഡയറക്ടറായ ജോസഫ് ആലഞ്ചേരി അച്ചൻ രാമപുരം മാർ ആഗസ്തീനോസ് കോളജിന്റെ വൈസ് പ്രിൻസിപ്പലായി ചാർജെടുത്തു. രൂപതാ എക്സിക്യൂട്ടീവ് പ്രസിഡന്റ് സിബി കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അച്ചന് പുതിയ പ്രവർത്തനമണ്ഡലത്തിൽ എല്ലാ ഭാവുകങ്ങളും ആശംസിച്ചു. പ്രസ്തുത യോഗത്തിൽ, അസിസ്റ്റന്റ് ഡയറക്ടറായി ചാർജെടുത്ത ളാലം പഴയ പള്ളി അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസഫ് വാട്ടപ്പള്ളിയിൽ അച്ചനെ കെ.സി.വൈ.എം. കുടുംബത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തു.

**12. ഹിയശേയൂസ് - 10**

കെ.സി.വൈ.എം. ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ വൈദികവർഷസമാപനം നടത്തപ്പെട്ടു. യോഗത്തിന്റെ ഉദ്ഘാടനം ഇലഞ്ഞി ഫൊറോനാപള്ളി വികാരി വെരി. റവ. ഫാ. ജോൺ പൊതീട്ടേൽ നിർവ്വഹിച്ചു. റവ. ഫാ. ജോസഫ് പാനാമ്പുഴ വൈദികവർഷസന്ദേശവും ക്ലാസ്സും നല്കി

**13. പുതിയ യൂണിറ്റ്**

അൽഫോൻസാപുരം ഇടവകയിലെ എ., ബി. യൂണിറ്റുകളുടെ രജിസ്ട്രേഷൻ നടന്നു.

**ഫാ. ജോസഫ് ആലഞ്ചേരിൽ (ഡയറക്ടർ)**

# ഫാമിലി അപ്പസ്തോലേറ്റ്

**1. വിവാഹഒരുക്ക സെമിനാർ**

പാലാ രൂപതാ ഫാമിലി സെന്റർ വഴി തുടർച്ചയായി നടത്തിവരുന്ന വിവാഹഒരുക്ക സെമിനാർ ജൂൺ 3- 6; 14 -17 തീയതികളിലായി അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുകയുണ്ടായി. രണ്ട് സെമിനാറുകളിലുമായി 262 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ

സ്നേഹസാന്നിധ്യവും വിലപ്പെട്ട സന്ദേശവും സ്നേഹോപഹാരവും കോഴ്സിൽ സംബന്ധിച്ചവർക്ക് ഏറ്റം അനുഗ്രഹപ്രദമായിരുന്നു.

ജൂലൈ മാസത്തെ വിവാഹഒരുക്ക സെമിനാർ ജൂൺ 28 - ജൂലൈ 1, ജൂലൈ 26 - 29 തീയതികളിലായി നടക്കുന്നതാണ്. രജിസ്ട്രേഷൻ തുടരുന്നു.

## 2. മാതൃജ്യോതി

**രൂപതാ സെമിനാർ**

2010 മേയ് മാസം 5-ാം തീയതി മാതൃജ്യോതി രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. രൂപതാ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റ് സമ്മേളനത്തിന് അധ്യക്ഷം വഹിച്ചു.

രൂപതാ പ്രസിഡന്റ് - ത്രേസ്യാമ്മ ഉലഹന്നാൻ ചെല്ലിയിൽ (ഇലഞ്ഞി ഫൊറോനാ), വൈസ് പ്രസിഡന്റ് - മോളി മാത്യു മേലേട്ട് (ഭരണങ്ങാനം ഫൊറോന), സെക്രട്ടറി - ലീലാമ്മ ജോൺ കളത്തുവീട്ടിൽച്ചിറ (ചേർപ്പുങ്കൽ ഫൊറോന), ജോ. സെക്രട്ടറി - സിജി ലൂക്സൺ (അരുവിത്തുറ ഫൊറോന), ട്രഷറർ - മോളിക്കുട്ടി ജേക്കബ് മുത്തനാട്ട് (പൂഞ്ഞാർ ഫൊറോന) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. പുതിയ രൂപതാ ഭാരവാഹികൾ ചാർജെടുക്കുകയും അന്നുതന്നെ അഭിവന്ദ്യ പിതാവിനെ സന്ദർശിക്കുകയും അനുഗ്രഹം നേടുകയും ചെയ്തു.

ജൂൺ 8-ാം തീയതി ആദ്യ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. അടുത്ത 6 മാസത്തേയ്ക്കുള്ള കർമ്മപരിപാടികളുടെ കരടുരേഖ രൂപീകരിച്ചു.

ജൂൺ 19-ാം തീയതി മേഖലാ ഭാരവാഹികളുടെ സമ്മേളനം നടത്തി. എല്ലാ കാര്യങ്ങളും അറിയിക്കുവാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും ഉള്ള തീരുമാനത്തോടെ സമ്മേളനം പര്യവസാനിച്ചു.

## *3. പ്രോ-ലൈഫ്*

**വിടരുംജീവൻ**

പാലാ രൂപതാ പ്രോ-ലൈഫ് മൂവ്മെന്റിന്റെ കോർഗ്രൂപ്പ് മേയ് മാസം 25-ാം തീയതി 3 മണിക്ക് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. കോർഗ്രൂപ്പ് അംഗങ്ങൾ 9 പേരും ഇതിൽ സംബന്ധിച്ചു. പ്രോ-ലൈഫിന് സ്വന്തമായി റിസോഴ്സ് ടീമിനെ കണ്ടെത്തി പരിശീലിപ്പിക്കുവാൻ ഈ കമ്മിറ്റിയിൽ തീരുമാനമായി.

ജനറൽ കമ്മിറ്റി കൂടി കോർഗ്രൂപ്പ് തീരുമാനങ്ങൾ പങ്കുവച്ചു. എല്ലാ രണ്ടാം ഞായറാഴ്ചയും 3 മണിക്ക് പ്രോ-ലൈഫിന്റെ ജനറൽ കമ്മിറ്റി കൂടുന്നതാണ്. പ്രോ-ലൈഫ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപതയിലെ വിവിധ വേദികൾ ഇതിനായി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു.

## 4. ഹോംമിഷൻ

2010 മേയ് 17 മുതൽ 30 വരെയുള്ള തീയതികളിൽ വിളക്കുമാടം ഇടവകയിൽ ഹോംമിഷൻ നടന്നു. ബഹു. വികാരിയച്ചൻ വീടു വെഞ്ചരിപ്പു നടത്തുകയും ചെയ്തു.

30-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഹോം മിഷന്റെ സമാപനവും ഇടവകദി നാഘോഷവും ഇടവകമദ്ധ്യസ്ഥനായ വി. ജോൺ നെപുംസ്യാനോസിന്റെ തിരുനാ ളാഘോഷവും മോൺ. ജോർജ് ചൂരക്കാട്ടിന്റെ ആഘോഷമായ ദിവ്യബലിയോടുകൂടി ഘോഷിച്ചു. തുടർന്ന് സ്നേഹവിരുന്നും നടത്തപ്പെട്ടു.

**ഫാ. ജോൺസൺ പുള്ളീറ്റ് (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# ബൈബിൾ അപ്പസ്തോലേറ്റ്

## 1. ലോഗോസ് ക്വിസ് – 2010

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ലോഗോസ് ക്വിസ് 2010 ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഈ വർഷവും കഴിയുന്നത്ര ആളുകളെ ബൈബിൾ പഠനരംഗത്ത് അണിനിരത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

പഠനഭാഗം : പുറപ്പാട് 1 -15 അദ്ധ്യായങ്ങൾ
വി. മത്തായി 1 - 14 അദ്ധ്യായങ്ങൾ
വി. യാക്കോബിന്റെ ലേഖനം

ലോഗോസ് ക്വിസ് 2010 ന്റെ രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2010 ജൂലൈ 31

പരീക്ഷാതീയതി : 2010 സെപ്റ്റംബർ 26 ഞായർ 2.00 pm മുതൽ 3.30 pm വരെ

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 10 രൂപയാണ്.

A പ്രായവിഭാഗം : 1-1-1999 നു ശേഷം ജനിച്ചവർ
B പ്രായവിഭാഗം : 1-1-1994 നും 31-12-1998 നും ഇടയ്ക്ക് ജനിച്ചവർ
C പ്രായവിഭാഗം : 1-1-1979 നും 31-12-1993 നും ഇടയ്ക്ക് ജനിച്ചവർ
D പ്രായവിഭാഗം : 1-1-1959 നും 31-12-1978 നും ഇടയ്ക്കു ജനിച്ചവർ
E പ്രായവിഭാഗം : 31-12-1958 ന് മുമ്പ് ജനിച്ചവർ

സമ്മാനങ്ങൾ

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം
5-ാം സമ്മാനം 50 രൂപ വിലയുള്ള ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും (15 പേർക്ക് വീതം)

60 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങുന്ന B, C, D, E പ്രായവിഭാഗത്തിലുള്ള വർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കും.

25 ന്റെ ഓരോ ഗുണിതത്തിനും ഒരു സമ്മാനം എന്ന അനുപാതത്തിൽ സമ്മാന



ങ്ങൾ എല്ലാ കേന്ദ്രങ്ങൾക്കും ഉണ്ടായിക്കും. രൂപതാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന മൂന്ന് ഇടവകകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നല്കുന്നു. (കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ സമ്മാനങ്ങൾ നിശ്ചയിക്കുക)

**2. വിശുദ്ധനാട് തീർത്ഥാടനം**

ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ വൈദികർക്കുവേണ്ടി നടത്തിയ വിശുദ്ധനാട് തീർത്ഥാടനത്തിൽ നമ്മുടെ രൂപതയിൽ നിന്നും 30 വൈദികർ പങ്കെടുത്തു.

**3. ബൈബിൾ കോഴ്സ്**

അമ്മായർക്കായി നടത്തുന്ന ദ്വിവത്സര ബൈബിൾ കോഴ്സിന്റെ ജൂൺ മാസത്തിലെ ക്ലാസ് റവ. ഫാ. കുര്യൻ കോട്ടയിൽ നയിച്ചു.

## ഡി. സി. എം. എസ്.

***1. ലീഡേഴ്സ് ക്യാമ്പ്***

ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി നടത്തിവരുന്ന ലീഡേഴ്സ് ക്യാമ്പ് പാലാ, രാമപുരം, ചേർപ്പുങ്കൽ, അരുവിത്തുറ, ഭരണങ്ങാനം എന്നീ മേഖലകൾക്ക് 2010 ജൂൺ 19, 20 തീയതികളിലും ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട്, തുടങ്ങനാട് എന്നീ മേഖലകൾക്ക് 2010 ജൂൺ 26, 27 തീയതികളിലും ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**2. റിസോഴ്സ് ടീം ക്യാമ്പ്**

യുവജനങ്ങൾക്കായി ഡി.സി.എം.എസ്. സംഘടന നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് പുതിയ ബാച്ച് 2010 ജൂൺ മാസം 11, 12, 13 തീയിതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. 20 ഓളം യുവജനങ്ങൾ പങ്കെടുത്തു.

***അടുത്ത ക്യാമ്പുകൾ***

റിസോഴ്സ് ടീം ക്യാമ്പ് : 2010 ജൂലൈ 9, 10, 11
ലീഡേഴ്സ് ക്യാമ്പ് : 2010 ജൂലൈ 17, 18
: 2010 ജൂലൈ 24, 25

**3. എസ്.എച്ച്.ജി. ഗ്രൂപ്പ്**

ഡി.സി.എം.എസ്. സംഘടനയുടെ കീഴിൽ സജീവമായി പ്രവർത്തിക്കുന്ന 101 എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഉണ്ട്. എല്ലാ മാസവും എസ്.എച്ച്.ജി. കൺവീനിയേഴ്സിന്റെ മീറ്റിംഗ് കൂടുകയും എസ്.എച്ച്.ജി. യുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തുവരുന്നു.

**4. പ്രതിഭാപുരസ്കാരം**

ഡി.സി.എം.എസ്. സംഘടനയിലെ വിദ്യാർത്ഥികളിൽ കഴിഞ്ഞ അർദ്ധവാർഷി

കപരീക്ഷയിൽ A+ മുതൽ B ഗ്രേഡ് വരെ ലഭിച്ച വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. 2010 ജൂലൈ 4-ാം തീയതി മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന സെമിനാറിൽ വച്ച് ക്യാഷ് അവാർഡ് വിതരണം ചെയ്യുന്നു.

ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)

# സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. 'ഹരിതം സമൃദ്ധം - 2010'**

അന്താരാഷ്ട്രപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പി.എസ്.ഡബ്ല്യു.എസ്. ആവിഷ്കരിച്ച പരിസ്ഥിതി സൗഹൃദപദ്ധതിയാണ് 'ഹരിതം സമൃദ്ധം - 2010'. പദ്ധതിയുടെ ഭാഗമായി സ്കൂൾ - കോളജ് കാമ്പസുകൾ, സൗകര്യപ്രദമായ പൊതുസ്ഥലങ്ങൾ, പള്ളി മൈതാനങ്ങൾ തുടങ്ങി വിവിധ ഇടങ്ങളിൽ തണൽമരങ്ങളും ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതും ഫലവൃക്ഷതൈകൾ നടീൽ, പച്ചക്കറിത്തോട്ടനിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതുമാണ്. പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം കുറിഞ്ഞിപ്പള്ളി  അങ്കണത്തിൽ ഇലഞ്ഞി തൈ നട്ടുകൊണ്ട് രാമപുരം മേഖലാഡയറക്ടർ ഫാ. മാത്യു അമ്പഴത്തുങ്കൽ നിർവ്വഹിച്ചു. വികാരി റവ. ഡോ. തോമസ് മേനാച്ചേരി അദ്ധ്യക്ഷനായിരുന്നു.

**2. പിതൃദിനാഘോഷം - പുരുഷ എസ്.എച്ച്.ജി. സംഗമം**

പിതൃദിനാഘോഷത്തിന്റെ ഭാഗമായി പി.എസ്.ഡബ്ല്യു.എസ്. രാമപുരം സോൺ പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പുരുഷ എസ്.എച്ച്.ജി. അംഗങ്ങളുടെ സംയുക്തയോഗം സംഘടിപ്പിച്ചു. കടനാട് മിനി പാരീഷ് ഹാളിൽ വികാരി റവ. ഫാ. മാത്യു മൂത്തേടത്തിന്റെ അദ്ധ്യക്ഷതയിൽ ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജിമോൻ മഞ്ഞക്കടമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**3. ഡോ. സാബു ഡി മാത്യുവിന് സ്വീകരണം**

ദേശീയ ന്യൂനപക്ഷവിദ്യാഭ്യാസകമ്മീഷന്റെ മേഖലാ കോ-ഓർഡിനേറ്ററായി നിയമിതനായ രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സാബു ഡി. മാത്യുവിനെ  കടനാട് പള്ളി ഹാളിൽ വച്ചു നടന്ന പിതൃദിനാഘോഷവേളയിൽ പി.എസ്. ഡബ്ല്യു.എസ്. രാമപുരം മേഖലാ ഡയറക്ടർ ഫാ. മാത്യു അമ്പഴത്തുങ്കൽ പൊന്നാടയണിയിച്ച് ആദരിച്ചു.

**4. ദത്തുകുടുംബപദ്ധതി പുതിയ 60 കുടുംബങ്ങൾ**

എസ്.എ.എഫ്.പി. യുടെ സഹകരണത്തോടെ പി.എസ്.ഡബ്ല്യു.എസ്. നടപ്പിലാക്കുന്ന ദത്തുകുടുംബപദ്ധതിയിലേക്ക് പുതുതായി 60 കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തുന്നു. പ്രതിമാസം ആയിരം രൂപാ വീതം 6 വർഷക്കാലം തുടർച്ചയായി പദ്ധതി ഗുണഭോക്തൃകുടുംബങ്ങൾക്ക് ലഭ്യമാകുന്നതാണ്.

**5. എസ്.എൽ.എഫ്. ഫണ്ടു വിതരണം**

വികലാംഗക്ഷേമപദ്ധതിപ്രകാരം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം, ചികിത്സാസ ഹായങ്ങൾക്കായി നൽകിവരുന്ന എസ്.എൽ.എഫ്. ഫണ്ട് വിതരണം ആരംഭിച്ചു.

**6. സോളാർ വിളക്കുകൾ**

വൈദ്യുതി തടസ്സം പതിവായി മാറുന്ന മഴക്കാലത്ത് എല്ലാ വീടുകളിലും വെളിച്ചം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പി.എസ്.ഡബ്ല്യു.എസ്. സോളാർ വിളക്കുകൾ വിലകുറച്ച് വിതരണം ചെയ്യുന്നു.

**7. മുട്ടക്കോഴി വിതരണം**

"എഗ്ഗ് ഏൺ പ്രോജക്ടി"ന്റെ ഭാഗമായി എസ്.എച്ച്.ജി. അംഗങ്ങൾക്ക് മുട്ടക്കോ ഴിക്കുഞ്ഞുങ്ങളെ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്തു. ഓർഡർ പ്രകാരം വീണ്ടും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

**8. ബെസ്മാ വായ്പ**

കെ.എസ്.ബി.സി.ഡി.സി. യുടെ നേതൃത്വത്തിലുള്ള ബെസ്മാ പദ്ധതിപ്രകാരം സ്വയം തൊഴിൽസംരംഭം ആരംഭിക്കുന്നവർക്കായി 50 ശതമാനം പലിശയിൽ വായ്പ കൾ വിതരണം ചെയ്തു.

**9. എഡ്യുകെയർ**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസചെ ലവ് സ്പോൺസറിംഗിലൂടെ ലഭ്യമാക്കുന്ന "എഡ്യുകെയർ" വിദ്യാഭ്യാസസഹായ പദ്ധതിപ്രകാരം അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 8-ാം ക്ലാസ് വിദ്യാർത്ഥി കളെയാണ് പദ്ധതിയിൽ പരിഗണിക്കുന്നത്.

**10. സംഘം വാർഷികവും ഓഡിറ്റിംഗും**

വിവിധ സ്വാശ്രയസംഘങ്ങളുടെ വാർഷികം സമുചിതം ആഘോഷിച്ചു. സംഘ ങ്ങളുടെ അർദ്ധവാർഷികകണക്കുകളുടെ ഓഡിറ്റിംഗ് നടന്നുവരുന്നു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

## sI.-kn.-_n.-kn. azy-hn-cp-

**1. റിസോഴ്സ് ടീം പരിശീലനം**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പാലാ രൂപതാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ലോകപുകയിലവിരുദ്ധ ദിനമായ മേയ് 31-ന് പാലാ അഡാർട്ട് ഹാളിൽ വച്ച് ഏക ദിന റിസോഴ്സ് ടീം പരിശീലന പരിപാടി നടത്തപ്പെട്ടു. ഫാ. ജേക്കബ് വെള്ളമരു തുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. മാത്യു പുതിയിടം ആശംസക ളർപ്പിച്ചു. റവ. ഡോ. ജോയി ഫ്രാൻസീസ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തുടർന്ന് 'മദ്യവിപത്ത്' , 'പുകവലി ദൂഷ്യഫലങ്ങൾ' , 'പാൻമസാലകളും മാരകരോഗങ്ങളും' എന്നീ വിഷയങ്ങളിൽ ഡോ. എൻ.എം. സെബാസ്റ്റ്യനും, ദീപുവും, പ്രസാദ് കുരുവി ളയും ക്ലാസ്സുകൾ നയിച്ചു.

## 2. സന്യാസിനീ സംഗമം

ജൂൺ 18, 19, 20 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ട 2-ാമത് സന്യാസിനീ സംഗമത്തിന് വിജയപുരം രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ ഉദ്ഘാടനസന്ദേശം നൽകി. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഡോ. എൻ.എം. സെബാസ്റ്റ്യൻ, രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സംസ്ഥാന സെക്രട്ടറി ശ്രീ. പ്രസാദ് കുരുവിള, രൂപതാ സെക്രട്ടറി ശ്രീ. ജോസ് ഫ്രാൻസീസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കുകയും സമ്മേളനത്തിന് നേതൃത്വം നൽകുകയും ചെയ്തു.

## 3. ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ

സ്കൂൾ, സൺഡേ സ്കൂൾ തലങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണപരിപാടികളുടെ ഭാഗമായി സെമിനാറുകളും ഓഡിയോ വിഷ്വൽ പ്രോഗ്രാമുകളും എക്സിബിഷനും സംഘടിപ്പിച്ചു വരുന്നു. പ്രോഗ്രാമുകളുടെ ക്രമീകരണത്തിനായി ഡയറക്ടറച്ചന്റെ 9447149677 എന്ന മൊബൈൽ നമ്പരുമായി ബന്ധപ്പെടുക. പി.റ്റി.എ. കളിലും ലഹരിവിരുദ്ധ സന്ദേശം നൽകാൻ റിസോഴ്സ് ടീം തയ്യാറായിട്ടുണ്ട്.

## 4. ലഹരിവിരുദ്ധ ദ്വൈവാരാചരണം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26 നോടനുബന്ധിച്ച് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 21 മുതൽ 30 വരെ സമിതിയുടെ റിസോഴ്സ് ടീം അംഗങ്ങൾ രൂപതയിലെ മുഴുവൻ സ്കൂളുകളിലും അസംബ്ലി സന്ദേശം നൽകുകയും പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്തു.

## 5. ഏകദിന സെമിനാർ

അദ്ധ്യാപകരിലും കുട്ടികളിലും മദ്യവിരുദ്ധ മനോഭാവം വളർത്തുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് 13-6-2010 ൽ മുട്ടുചിറ ഇടവകയിൽ സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കുമായി ഒരു ഏകദിന സെമിനാർ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലും സംസ്ഥാനസെക്രട്ടറി ശ്രീ. പ്രസാദ് കുരുവിളയും ക്ലാസ്സുകൾ നയിച്ചു.

## 6. അടിവാരത്ത് പി.റ്റി.എ. യിൽ

അടിവാരം സെന്റ്മേരീസ് സ്കൂളിൽ 16-6-2010 ൽ വിളിച്ചു ചേർത്ത പി.റ്റി.എ. സമ്മേളനത്തിൽ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ലഹരിവിരുദ്ധ സന്ദേശം നൽകി.

## 7. മേഖലാ സമ്മേളനം

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി 5-ാ മത് മേഖലാ സമ്മേളനം ളാലം പഴയ പള്ളി പാരീഷ് ഹാളിൽ നടത്തപ്പെട്ടു. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ സമ്മേളനം ചെയ്തു. 3, 5, 12-6-2010 തീയതികളിൽ യഥാക്രമം ഇലഞ്ഞി, മുട്ടുചിറ, പൂഞ്ഞാർ ഫൊറോനാകളിൽ സമ്മേളനം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, സംസ്ഥാന സെക്രട്ടറി ശ്രീ. പ്രസാദ് കുരുവിള, രൂപതാ സെക്രട്ടറി ശ്രീ. ജോസ് ഫ്രാൻസീസ് തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി.



**8. ഭാരവാഹികൾ**

ഇലഞ്ഞി മേഖലാപ്രസിഡന്റായി കെ.പി. ജോസഫ് കൂവയിലും, പാലാ മേഖലാ പ്രസിഡന്റായി ജോയച്ചൻ പൊട്ടംകുളവും, മുട്ടുചിറ മേഖലാ പ്രസിഡന്റായി സാജു ജോസ് മഠത്തിക്കുന്നേലും ഇലഞ്ഞി, പാലാ, മുട്ടുചിറ ജനറൽ സെക്രട്ടറിമാരായി യഥാക്രമം ജോസ് കെ.വി. കുരിശുങ്കലും, എം.വി. ജോർജ് മുണ്ടാങ്കലും സന്തോഷ് കിഴക്കേത്തോട്ടത്തിലും തെരഞ്ഞെടുക്കപ്പെട്ടു.

**9. ഇടവകവിസിറ്റ്**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഫൊറോനാതലഅത്മായസംഗമത്തോടനുബന്ധിച്ച് രൂപതാ സമിതി നടത്തിവരുന്ന ഇടവക സന്ദർശനം ഏതാണ്ടി പൂർത്തിയായി വരുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (രൂപതാ ഡയറക്ടർ)**

# ഫ്രാൻസിസ്കൻ അത്മായസഭ

**1. രൂപതാ സെമിനാറും തീർത്ഥാടനവും**

ഫ്രാൻസിസ്കൻ അത്മായസഭ രൂപതാ ഏകദിനസെമിനാറും, വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്കുള്ള തീർത്ഥാടനവും ജൂലൈ 24-ന് രാവിലെ 9 മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് നടത്തപ്പെടുന്നു.

അന്നേദിവസം രാവിലെ 9-ന് ജപമാല, 9.30 ന് ഫ്രാൻസിസ്കൻ പ്രാർത്ഥന. 10 -ന് റവ. ഫാ. തോമസ് തലക്കുളം കപ്പൂച്ചിൻ (സുപ്പീരിയർ ഗദ്സമേനി ആശ്രമം ചങ്ങനാശേരി) നയിക്കുന്ന ക്ലാസ്.

12-ന് സമ്മേളനം. അദ്ധ്യക്ഷൻ രൂപതാ പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ. റവ. ഫാ. ഫൈജു മണ്ണൂമറ്റത്തിൽ കപ്പൂച്ചിൻ, എം.വി. തോമസ് മൊളോപ്പറമ്പിൽ, തങ്കച്ചൻ കൊച്ചുപുഞ്ചയിൽ, അഡ്വ. മാത്യു മാന്തറ, ടോമി കളപ്പുരയ്ക്കൽ തുടങ്ങിയവർ പ്രസംഗിക്കും. വിവാഹസഹായനിധിയുടെ വിതരണം സമ്മേളനത്തിൽ നടത്തപ്പെടുന്നതാണ്.

1-ന് സ്നേഹവിരുന്ന്, 1.30 ന് വി. അൽഫോൻസാമ്മയുടെ കബറിടത്തിലേയ്ക്കുള്ള തീർത്ഥാടനം. 2.30 ന് വി. അൽഫോൻസാചാപ്പലിൽ ദിവ്യബലി, പ്രസംഗം, നൊവേന എന്നിവ ഉണ്ടായിരിക്കും.

**റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ (ഡയറക്ടർ)**

## നിര്യാതയായി

**സി. ജോയ്സ് ഒഴുകയിൽ (എഫ്.സി.സി.)**

ഉാലം സെന്റ് സേവ്യേഴ്സ് മഠാംഗമായിരുന്ന സി. ജോയ്സ് (കുട്ടിയമ്മ ഒഴുകയിൽ) എഫ്.സി.സി. (67 വയസ്സ്) 4-6-2010 വെള്ളിയാഴ്ച വൈകുന്നേരം 3.30 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 5-6-2010 ശനിയാഴ്ച വൈകുന്നേരം 3.30 ന് സെന്റ് ജോർജ് പള്ളിയിൽ റവ. ഫാ. ജോർജ് നിരവത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയെത്തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കലിന്റെ നേതൃത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ നടന്നു.

ശിശുസഹജമായ നിഷ്കളങ്കതയും, ശാന്തമായ പെരുമാറ്റശൈലിയും സ്വന്തമാക്കി, ഫ്രാൻസിസ്കൻ ലാളിത്യത്തിൽ ജീവിച്ച സി. ജോയ്സ് അദ്ധ്യാപനവൃത്തിയിലൂടെ ദീർഘകാലം സഭയ്ക്കും സമൂഹത്തിനും സേവനമനുഷ്ഠിച്ചു. പരാതിയും പരിഭവവുമില്ലാതെ യഥാർത്ഥ ഫ്രാൻസിസ്കൻ സന്തോഷത്തിൽ എന്നെന്നും ജീവിച്ച പ്രിയപ്പെട്ട സി. ജോയ്സിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.



# PRAYER DAY (REF.VOL. XXXV NO.1)

(2010 July.11 - 2010 Augu. 9)

Very Rev. Fathers, Rev. Fathers

| | | |
|---|---|---|
| 1. | Kachiramattam Augustine | July 11 |
| 2. | Kadalikkattil Mathew | 12 |
| 3. | Kadookunnel John | 13 |
| 4. | Kadookunnel Mathew | 14 |
| 5. | Kadukanmackal Augustine | 15 |
| 6. | Kadukappally Thomas | 16 |
| 7. | Kaduppil Joseph | 17 |
| 8. | Kaippanplackal Abraham | 18 |
| 9. | Kakkallil Jose | 19 |
| 10. | Kakkattil George | 20 |
| 11. | Kakkattuthadathil Thomas | 21 |
| 12. | Kalachirayil Thomas | 22 |
| 13. | Kalapurackal Joseph | 23 |
| 14. | Kalariparambil Vincent | 24 |
| 15. | Kalathipullattu Thomas | 25 |
| 16. | Kalayil Kurian | 26 |
| 17. | Kalayil Mathew | 27 |
| 18. | Kalekkattil Thomas | 28 |
| 19. | Kallarackal Martin | 29 |
| 20. | Kallidukkil Thomas | 30 |
| 21. | Kanatt Cyriac | 31 |
| 22. | Kandathil Francis | Aug. 1 |
| 23. | Kaniampadickal Abraham | 2 |
| 24. | Kaniampadickal Sebastian | 3 |
| 25. | Kaniampadickal Zacharias | 4 |
| 26. | Kaniyodickal Joseph | 5 |
| 27. | Kanjiramkuzhy John | 6 |
| 28. | Kannamthanam John | 7 |
| 29. | Kappil Joseph | 8 |
| 30 | Kappiliparampil Kuriakose | 9 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

ജൂൺ 1

സന്ദർശകരെ സ്വീകരിച്ചു.

ജൂൺ 2

11.30 am വിവാഹഒരുക്ക സെമിനാറിൽ സന്ദേശം നൽകി

3.00 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിൽ സംബന്ധിച്ചു.

ജൂൺ 3

11.30 am അരുവിത്തുറ സ്കൂളിന്റെ മെരിറ്റ് ഡേ മീറ്റിംഗിൽ സംബന്ധിച്ചു.

12.15 pm അരുവിത്തുറ പള്ളിയിൽ ഒരു മനസ്സമ്മതം ആശീർവദിച്ചു.

03.15 pm ളാലം പഴയ പള്ളിയിൽ തര്യൻലാൽ കടവൻ തുരുത്തിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ജൂൺ 4

പ്രാർത്ഥനാദിനം

ജൂൺ 5

11.00 am ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

12.30 pm പ്രകൃതിദിനത്തോടനുബന്ധിച്ച് പാലാ അരമനയിൽ വൃക്ഷത്തൈ നട്ടു.

02.15 pm മരങ്ങാട്ടുപള്ളിയിൽ ബഹു. കെ.എം. മാണിസാറിന്റെ സഹോദരന്റെ മൃതസംസ്കാരത്തോടനുബന്ധിച്ച് ഭവനത്തിൽ വച്ചുള്ള ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

03.00 pm കോട്ടയം ദർശന ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ബഹു. അലക്സാണ്ടർ പൈകടയച്ചന്റെ 5 പുസ്തകങ്ങളുടെ പ്രകാശനകർമ്മത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

ജൂൺ 6

09.10 am അരുവിത്തുറ ഫൊറോനാപ്പള്ളി അങ്കണത്തിൽ വൃക്ഷത്തൈ നട്ട് 'ഒരു വീടിന് ഒരു മരം' പദ്ധതി ഉദ്ഘാടനം ചെയ്തു.

ജൂൺ 7

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

ജൂൺ 8

സന്ദർശകരെ സ്വീകരിച്ചു.

10.00 am പൈക ഇടവകയിൽ ഫാ. ആന്റണി പുളിക്കമണ്ഡപത്തിൽ എം.എസ്.ടി. യുടെ പിതാവിന്റെ മൃതസംസ്കാരത്തിൽ ഭവനത്തിലെ പ്രാർത്ഥനാശുശ്രൂഷ നയിച്ചു.

ജൂൺ 9-10

പി.ഒ.സി. യിൽ കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

ജൂൺ 11

സന്ദർശകരെ സ്വീകരിച്ചു.

ജൂൺ 12

12.00 noon ഭരണങ്ങാനം കപ്പൂച്ചിൻ ആശ്രമത്തിൽ ബഹു. ഫാ. ലൂക്ക് കൊച്ചിലൊട്ടൊന്നിൽ O.F.M. Cap ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03.00 pm കാഞ്ഞിരത്താനം ഇടവകയിൽ ബേസ് അപ്രേം നസ്രാണി ദയറായുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

ജൂൺ 13

03.00 pm കപ്പാട് വച്ചു നടന്ന ഏ.കെ.സി.സി. സംസ്ഥാനസമ്മേളനത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു.

ജൂൺ 14

09.45 am പാലാ സെന്റ് തോമസ് സ്കൂളിൽ ദീപകയുടെ "നമ്മുടെ ഭാഷാ പദ്ധതി" യുടെ ഉദ്ഘാടനകർമ്മത്തിൽ സംബന്ധിച്ചു.

03.00 pm കാർമ്മൽ ഹോസ്പിറ്റലിന്റെ പുതിയ മുറികളുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

07.30 pm മരിയൻ മെഡിക്കൽ സെന്ററിൽ വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

ജൂൺ 15

സന്ദർശകരെ സ്വീകരിച്ചു.

ജൂൺ 16

10.30 am പ്രവിത്താനം സ്കൂളിൽ പാവപ്പെട്ട കുട്ടികൾക്കായുള്ള യൂണിഫോം വിതരണം ഉദ്ഘാടനം ചെയ്തു.

12.00 വിവാഹഒരുക്ക സെമിനാറിൽ സന്ദേശം നൽകി.

03.15 pm കൊഴുവനാൽ ഇടവകയിൽ ബഹു. തെക്കേലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജൂൺ 17-30

മധുര അരവിന്ദ് ഹോസ്പിറ്റലിൽ കണ്ണിന്റെ ഓപ്പറേഷൻ നടത്തുകയും തുടർന്ന് കമ്പത്തുള്ള രൂപതാ എസ്റ്റേറ്റിൽ വിശ്രമിക്കുകയും ചെയ്തു.

?

# Bishop’s Engagements

## Mar Joseph Kallarangatt

July 2010

| | | |
|---|---|---|
| 02 | 06 pm | Anthialam |
| 03 | 04 pm | Vayala |
| 05 | 11.30 am | Aruvithura College |
| 06 | | Visitors’ Day |
| 07-10 | | NBCLC, Banglore |
| 11-15 | | Annual Retreat I Batch |
| 15 | 09.30 am | Alphonsa College |
| | 11.00 am | Cherpumkal |
| 16 | | Visitors’ Day |
| | 03.00 pm | ADCP Executive meeting |
| 17 -18 | | Poovathodu - Pastoral Visit |
| 18-22 | | Annual Retreat II Batch |
| 19 | 10.45 am | Alphonsa Shrine - Bharananganam |
| 23 | | Visitors’ Day |
| 24 | 07.30 am | Chakkikavu : Parish hall blessing |
| | 11.00 am | Ezhachery |
| 24 -25 | | Xavierpuram : Pastoral Visit |
| 26 -28 | | LRC, Kakkanad |
| 28 | 10.00 am | Bharananganam : Raza Qurbana |
| | 05.00 pm | Alphonsagiri |
| 29 | 10.00 am | Kanjirappally, Inter Diocesian Meeting |
| 30 | | Visiors’ Day |
| 31 | 09.30 am | Maryland, Ordination - Dn. Shinto Pullikattil CMF |
| 31-Aug 1 | | Poovarany - Pastoral Visit |